കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ഒറ്റൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSATVM/GP9/1376/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 16/10/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒറ്റൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഒറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATVM/GP9/1376/2023 തീയ്യതി: 16/10/2023

തിരുവനന്തപുരം ജില്ലയിലെ ഒറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ഒറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-11-2022 മുതൽ 08-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 44 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 44 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.ശ്രീജ.കെ	ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)	11-09-2023	19-09-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
11-09-2023	19-09-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രവീൺ.എൻ.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ലേഖ.എം.എൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.രശ്മി.ആർ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.സജു.ജി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.ബീന.പി	പ്രസിഡന്റ്	01-04-2022	31-03-2023
ശ്രീ.അനിൽകുമാർ.ഡി	സെക്രട്ടറി	01-04-2022	10-10-2022
ശ്രീമതി.ശ്രീലേഖ.എൽ.എച്ച്	സെക്രട്ടറി	10-10-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ലീന.എൻ	കൃഷി ഓഫീസർ	01-04-2022	31-03-2023
ഡോ.ജയചന്ദ്രൻ.ഡി	വെറ്റിനറി സർജൻ	01-04-2022	31-12-2022
ഡോ.കൃഷ്ണകുമാർ	വെറ്റിനറി സർജൻ	01-01-2023	31-03-2023
ഡോ.പ്രവീൺ.എസ്	മെഡിക്കൽ ഓഫീസർ പി.എച്ച്.സി	01-04-2022	31-03-2023
ഡോ.സ്മിത.പി.എസ്	മെഡിക്കൽ ഓഫീസർ ഹോമിയോ	01-04-2022	31-12-2022
ഡോ.ഷീജ.ബി.ജെ	മെഡിക്കൽ ഓഫീസർ ഹോമിയോ	01-01-2023	31-03-2023
ഡോ.സ്മിത.എസ്.ആർ	മെഡിക്കൽ ഓഫീസർ ആയുർവ്വേദം	01-04-2022	31-03-2023
മേരി ഷൈനി.റ്റി.കെ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2022	31-12-2022
സബിത.കെ.കെ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-01-2023	31-03-2023
അനിൽകുമാർ.ഡി	സെക്രട്ടറി	01-04-2022	10-10-2022
ശ്രീലേഖ.എൽ.എച്ച്	സെക്രട്ടറി	10-10-2022	31-03-2023
അജിത.സി.കെ	ഹെഡ്മിസ്ട്രസ്	01-04-2022	31-03-2023
ബീന.എസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2022	02-01-2023
കൃഷ്ണകുമാർ.റ്റി.ജെ	ഡയറി ഫാം ഇൻസ്ട്രക്ടർ	03-01-2023	31-03-2023
ഗോപകുമാർ.എസ്	അസിസ്റ്റന്റ് സെക്രട്ടറി	01-04-2022	31-03-2023
സന്ദീപ്.എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2022	20-12-2022
അശോകൻ.കെ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2022	20-08-2022
അഭിലാഷ്.സി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	27-09-2022	31-03-2023
സന്ധ്യ.ആർ.നായർ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	വാർഷിക അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്ത ചെക്കുകൾ ക്യാഷ് ആകാതെ അവശേഷിക്കുന്നു	1-1-2
4	അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല.	1-1-3
5	സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല	1-1-4
6	ക്യാഷ് ഫ്ളോ സ്റ്റേറ്റ്മന്റ്- അപാകതകൾ	1-1-5
7	അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവ്- അക്കൌണ്ടിംഗ് അപാകതകൾ	1-1-6
8	കാലഹരണപ്പെട്ട ചെക്കുകൾ - പഞ്ചായത്തിന്റെ ആസ്തിയാക്കി മാറ്റിയിട്ടില്ല.	1-1-7
9	കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടിയിട്ടില്ല.	1-1-8
10	ബജറ്റ് - അവലോകനം	1-2-1
11	ബജറ്റ്	1-2
12	സാമ്പത്തിക നില	1-3
13	ഗ്രാന്റ് വിനിയോഗം	1-4
14	പദ്ധതി അവലോകനം	1-5
15	സാമൂഹ്യസുരക്ഷാ പെൻഷൻ- മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല	1-6-1
16	മരണ ശേഷവും സാമൂഹ്യസുരക്ഷ പെൻഷൻ അനുവദിക്കുന്നു	1-6-2
17	ക്ഷേമപദ്ധതികൾ	1-6
18	ക്യാഷ് ബാലൻസ്	1-7
19	ആഭ്യന്തരനിയന്ത്രണം	1-8
20	തൊഴിലുറപ്പ് പദ്ധതി	1-9
21	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
22	വസ്തു നികുതി പരിഷ്ക്കരണം -തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.	1-11-1
23	വസ്തു നികുതി വരവ് - ബജറ്റിൽ നിന്നുള്ള വ്യതിയാനം പരിശോധനാ വിധേയമാക്കേണ്ടതാണ്	1-11-2
24	വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല	1-11-3
25	പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ്.	1-11-4
26	അനധികൃത നിർമ്മാണം - തുടർനടപടി സ്വീകരിക്കേണ്ടതാണ്	1-11-5
27	നിലവിലുള്ള കെട്ടിടത്തിന്റെ വിവരം സൈറ്റ് പ്ലാനും , സഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-11-6
28	പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തെ സഞ്ചയയിൽ പൊളിച്ചു നീക്കിയതായി രേഖപ്പെടുത്തിയതിനാൽ വസ്തു നികുതി ഈടാക്കുന്നില്ല	1-11-7
29	വസ്തു നികുതി - അപാകങ്ങൾ	1-11
30	കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.	1-12-1
31	തൊഴിൽ നികുതി - സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്	1-12-2
32	സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല	1-12-3
33	ലൈസൻസ് അപേക്ഷകൾ പരിശോധിച്ച് ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.	1-12-4
34	തൊഴിൽ നികുതി - അപാകങ്ങൾ	1-12

35	നികുതി / നികുതിയേതര വരവുകൾ - അവലോകനം	1-13
36	ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകങ്ങൾ	1-14
37	പൊതുകുളങ്ങൾ ലേലം ചെയ്യുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്	1-15
38	ബയോ കമ്പോസ്റ്റ് ബിൻ വിതരണം- ബിൽ തുകയിൽ നിന്നും ജി.എസ്.ടി .ടി.ഡി.എസ് കുറവ് ചെയ്തില്ല	1-16
39	ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ വാങ്ങൽ - മരുന്നുകൾ പൂർണമായും ലഭ്യമായില്ല	1-17
40	PHC യ്ക്ക് മരുന്നുകൾ വാങ്ങൽ - മരുന്നുകൾ പൂർണമായും ലഭ്യമായില്ല.	1-18
41	ദുരിതാശ്വാസനിധി	1-19
42	പെണ്ണടയാളങ്ങൾ -പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്.	1-20
43	കന്നുകുട്ടി പരിപാലന പദ്ധതി - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.	1-21
44	കിടാരി വളർത്തൽ (വനിത) പദ്ധതി അപാകങ്ങൾ	1-22
45	പാഥേയം പദ്ധതി -അപാകതകൾ	1-23
46	ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങുന്നതിന് അധികതുക ചെലവാക്കി	1-24
47	പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതി പൂർത്തിയാകുന്നതിൽ കാലതാമസം	1-25
48	തെരുവ് വിളക്ക് സ്ഥാപിക്കലും സംരക്ഷണവും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടണം.	1-26
49	പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ - ഉപയോഗ്യശൂന്യമായ കണക്ഷനുകൾ നിർത്തലാക്കണം	1-27
50	വാട്ടർ കണക്ഷനുകൾ മാറ്റി സ്ഥാപിക്കൽ -പദ്ധതി പൂർത്തിയായില്ല	1-28
ഭാഗം 2		
1	ഇല്ല	2-1
ഭാഗം 3		
1	ഇല്ല	3-1
ഭാഗം 4		
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ / വായ്പ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപങ്ങൾ	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം	4-7
8	ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1-1 വാർഷിക അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല

1) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ , ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

വാർഷിക അനുപാതങ്ങൾ Ilgms സോഫ്റ്റ്വെയറിൽ ലഭ്യമല്ലാത്തതിനാലാണ് ഉൾപ്പെടുത്താത്തതെന്ന് എൻകെയറിക്ക് (നം 21/ 13.9.2023) മറുപടി നല്കി.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 13.07.2023 ലെ 2 നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 19.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഒറ്റൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഒറ്റൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1-1-2 ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്ത ചെക്കുകൾ ക്യാഷ് ആകാതെ അവശേഷിക്കുന്നു

District Co-Operative Bank (അക്കൗണ്ട് നം 103812803000011) റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ "Cheque Deposited But Not Collected" ആയി 17750/-രൂപ രേഖപ്പെടുത്തിയിരിക്കുന്നു. ഇവയിൽ ഇതുവരെ ക്യാഷ് ആകാത്ത ചെക്കുകളെ സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ എൻകെയറിക്ക് (നം 21/ 13.9.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-1-3 അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല.

2021-22 സാമ്പത്തിക വർഷം ക്രമീകരിക്കാതെ അവശേഷിച്ച അഡ്വാൻ**സ്** തുകകൾ 2022-23 സാമ്പത്തിക വർഷവും ക്രമീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	ഇനം	B-18 ഷെഡ്യൂൾ പ്രകാരം ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക
460500202	Advance To Implimenting	7947

	Officers	
460509901	Advance To Others	34176

തുകകൾ ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ഈ വിഷയം സംബന്ധിച്ച് നല്കിയ എൻകെയറിക്ക് (നം 21/ 13.9.2023) മറുപടി നല്കി.

1-1-4 സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല

2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടുള്ളതായി കാണുന്നില്ല.

സോഫ്റ്റ് വെയറിൽ ക്രമീകരണം വന്നിട്ടില്ലാത്തതിനാലാണ് ഉൾപ്പടുത്താൻ സാധിക്കാത്തത് എന്ന് എൻകെയറിക്ക് (നം 21/ 13.9.2023)മറുപടി നല്കി.

1-1-5 ക്യാഷ് ഫ്ളോ സ്റ്റേറ്റ്മന്റ്- അപാകതകൾ

ക്യാഷ് ഫ്ളോ സ്റ്റേറ്റ്മന്റിലെ Net Increase In Cash And Cash Equivalance ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിലെ Net Cash Generated By Operating+ Investing+Financing Activity (A+B+C) ആയി രേഖപ്പെടുത്തിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

I K M -മായി ബന്ധപ്പെട്ട് അപാകത പരിഹരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ എൻകെയറിക്ക് (നം 21/ 13.9.2023) മറുപടി നല്കി.

1-1-6 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവ്- അക്കൌണ്ടിംഗ് അപാകതകൾ

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് , ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് തന്നെ അതാത് ശീർഷകത്തിൽ ഡിമാന്റ് എൻട്രി രേഖപ്പെടുത്തി കാണുന്നില്ല.

അപാകത സോഫ്റ്റ് വെയർ കാലികമാകുന്ന മുറയ്ക്ക് പരിഹരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ എൻകെയറിക്ക് (നം 21/ 13.9.2023) മറുപടി നല്കി.

1-1-7 കാലഹരണപ്പെട്ട ചെക്കുകൾ - പഞ്ചായത്തിന്റെ ആസ്തിയാക്കി മാറ്റിയിട്ടില്ല.

B-9 ഷെഡ്യൂളിൽ 350800101 ഹെഡിൽ ഉൾപ്പെട്ടിട്ടുള്ള Liability In Respect Of Stale Cheque ൽ ഉൾപ്പെട്ടിട്ടുള്ള 76724/- രൂപയുടെ ചെക്കുകളിൽ കാലഹരണപ്പെട്ടവ പഞ്ചായത്തിന്റെ ആസ്തിയാക്കി മാറ്റിയിട്ടില്ല.
കാലഹരണപ്പെട്ട ചെക്കുകൾ പഞ്ചായത്തിന്റെ ആസ്തിയാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കി.

1-1-8 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടിയിട്ടില്ല.

B-7 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഡെപ്പോസിറ്റുകളിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടാൻ നടപടി സ്വീകരിച്ചിട്ടില്ല.

പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്ത് കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ എൻകെയറിക്ക് (നം 21/ 13.9.2023) മറുപടി നല്കി

പ്രസ്തുത വിഷയം സംബന്ധിച്ച തുടർ നടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-2-1 ബജറ്റ് - അവലോകനം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214(3) പ്രകാരം വരവുകളുടെ മതിപ്പ് സവിസ്താരവും, വാസ്തവികമുമായിരിക്കേണ്ടതാണ്. ബജറ്റ് പ്രകാരമുള്ള തനത് ഇനങ്ങളുടെ പ്രതീക്ഷിത വരവ് വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ വരവിനേക്കാൾ വളരെ കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

ഇനം	ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ്	വാർഷികധനകാര്യ പത്രിക പ്രകാരമുള്ള വരവ്
Tax Revenue	5794000	4198035
Nontax Revenue	3425000	1923858

വരവ് ചെലവ് തുകകളെ ശാസ്ത്രീയമായ രീതിയിൽ വിലയിരുത്തി ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-2 ബജറ്റ്

ഒറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 21.03.22 ൽ ഭരണസമിതിയുടെ 1-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. തീരുമാനപ്രകാരം അംഗീകരിച്ച പ്രതീക്ഷിത വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്	1493512
വരവ്	150734091
ആകെ	1522277603
ചെലവ്	150319119
നീക്കിയിരിപ്പ്	1908484

വാർഷികപദ്ധതി ഭേദഗതികളുടേയും ഭാഗമായി വരവുചെലവുകണക്കുകളിൽ വന്ന മാറ്റത്തിനനുസൃതമായി ബജറ്റ് പുതുക്കി തയ്യാറാക്കുകയുണ്ടായി. പുതുക്കിയ ബജറ്റ് 18-3-23ൽ ഭരണസമിതിയുടെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്	14,93,512
വരവ്	22,66,47,308
ആകെ	22,81,40,820
ചെലവ്	22,65,83,197
നീക്കിയിരിപ്പ്	15,57,623

1994കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215, തദ്ദേശസ്വയംഭരണവകുപ്പിന്റെ 2.12.16-ലെ ജി.ഒ.(ആർ.ടി)3291/16/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് എന്നിവ അനുസരിച്ചുള്ള നടപടിക്രമങ്ങളും പ്രവർത്തനഘട്ടങ്ങളും വാർഷികബജറ്റ് തയ്യാറാക്കിയിട്ടുള്ളതിൽ പാലിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക നില

മുന്നിരിപ്പ്	10510892
വരവ്	45294619
ആകെ	55805511
ചെലവ്	26512951
നീക്കിയിരിപ്പ്	29292560

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസനഫണ്ട് (ജനറൽ)	0	11878651	11878651	12691389	-812738
വികസനഫണ്ട് (എസ്.സി.പി)	0	7455804	7455804	7943000	-487196
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied)	0	3710565	3710565	3589598	120967
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied)	0	2861634	2861634	2369608	492026
മെയിന്റനൻസ് ഗ്രാന്റ്-റോഡ്	0	7079000	7079000	5978668	1100332
മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം	0	4572000	4572000	4497553	74447
CSS	0	0	0	1383827	-1383827
Sss	0	0	0	112500	-112500

വിവിധ ഫണ്ട് ഇനത്തിൽ പഞ്ചായത്തിന് ലഭിച്ച ഗ്രാന്റ് വിവരങ്ങൾ, എ.സി.ആർ, വാർഷിക ധനാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വിവിധ ഫണ്ട് ചെലവ് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മന്റ് , എ.സി.ആർ, എ.എഫ്.എസ് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

ഫണ്ട്	ഗ്രാന്റ് സ്റ്റേറ്റ്മന്റ്, സുലേഖ ചെലവ് പത്രിക	എ.സി.ആർ പ്രകാരം

	എന്നിവ പ്രകാരം	
വികസന ഫണ്ട് (ജനറൽ)	12691389	11262576
വികസന ഫണ്ട് (എസ്.സി.പി)	7943000	7455804

GO Project നായുള്ള Sourse Deduction 1606349/- രൂപ, Queue Bill 177536/- രൂപ എന്നിവയിലെ വ്യത്യാസമാണ് മേൽ സൂചിപ്പിച്ച പൊരുത്തക്കേടിന് കാരണം എന്ന് ഇത് സംബന്ധിച്ച് നല്കിയ എൻകവയറിക്ക് (നം 11, 12.9.23) മറുപടി നല്കി.

2)ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

മേഖല	വിഭാഗം	അടങ്കൽ (മറ്റുള്ളവ ഒഴികെ)	ചെലവ് (മറ്റുള്ളവ ഒഴികെ)	ചെലവ് %
ഉല്പാദനം	പൊതുവിഭാഗം	5957831	4184026	70.22
	പട്ടിക ജാതി	1444325	1418192	98.19
സേവനം	പൊതുവിഭാഗം	34488758	20956757	60.76
	പട്ടിക ജാതി	18218093	6625500	36.36
പശ്ചാത്തലം	പൊതുവിഭാഗം	12450311	9256435	74.34
	പട്ടിക ജാതി	0	0	0

ബജറ്റിന് ആനുപാതികമായി പദ്ധതി തുക ചെലവഴിച്ചു എന്ന് ഇത് സംബന്ധിച്ച് നല്കിയ എൻകവയറിക്ക് (11/12.9.23) മറുപടി നല്കി. പദ്ധതി വിഹിതം പൂർണ്ണമായും ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3) പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants / Contributions തുകകൾ 2022-23 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തുക തന്നെയാണ് 2022-23 വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	ഇനം	B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക
320100105	Award &Honours-Central Government	47909
320100162	Sarva Siksha Abhiyan	6000
320700405	Contributions For Joint Venture Projects (For Revenue Expenditure) -From District Panchayath	55365
320700104 & 320700304	Contributions For Joint Venture Projects (For Revenue Expenditure) -From Block Panchayath	176661
320300199	Grants, Funds &Contributions For Specific Purposes-Other Than Govrnment Agencies	15000
320100191	Nirmal Puraskar	210000

നിബന്ധനകൾക്ക് വിധേയമായി പ്രസ്തുത ഗ്രാന്റുകൾ ചെലവഴിക്കാനോ തിരിച്ചടയ്ക്കാനോ ഉള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ എൻകവയറിക്ക് (11/12.9.23) മറുപടി നല്കി. വിഷയത്തിന്മേൽ സ്വീകരിച്ച തുടർ നടപടി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

4)സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)07/2017/ധന. പ്രകാരം, പദ്ധതി നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി ഓരോ വർഷവും മാർച്ച് 31-ന് സംയുക്ത പ്രോജക്ടുമായി ബന്ധപ്പെട്ട സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുകകൾ കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്.

കൂടാതെ, 03.07.2018-ലെ സ.ഉ(ആ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(ആ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. 30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകളിൽ തിരികെ ഒടുക്കിയിട്ടില്ലാത്ത തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കോഡ്	തദ്ദേശ സ്ഥാപനം	തുക
1	320700104& 320700304	ബ്ലോക്ക് പഞ്ചായത്ത്	176661
2	320700405	ജില്ലാ പഞ്ചായത്ത്	55365

ചെലവഴിക്കാത്ത തുകകൾ തിരിച്ചടയ്ക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ എൻകവയറിക്ക് (11/12.9.23) മറുപടി നല്കി. തുടർ നടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

5)സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തണ്ടേതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം.പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

വിഭാഗം	അടങ്കൽ തുക (മറ്റുള്ളവ ഒഴികെ)	ചെലവഴിച്ച തുക (മറ്റുള്ളവ ഒഴികെ)	ചെലവ് ശതമാനം(%)
വനിത ഘടക പദ്ധതി	59584604	39888438	66.94
കുട്ടികൾ	1164500	1144730	98.30
വൃദ്ധർ	939512	825071	87.81
ഭിന്നശേഷിയുള്ളവർ	77716	61716	79.41
മറ്റ് ദുർബല വിഭാഗങ്ങൾ	0	0	0
പാലിയേറ്റീവ് കെയർ രോഗികൾ	850000	814509	95.82

ചെലവഴിക്കാത്ത തുകകൾ സ്പിൽഓവറായി ചെലവഴിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ട് എന്ന് ഇത് സംബന്ധിച്ച് നല്കിയ എൻകവയറിക്ക് (11/12.9.23) മറുപടി നല്കി.

6) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ മേൽ തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കേണ്ടതിന് ശ്രമിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾക്കൊന്നും തന്നെ ബ്ലോക്ക്- ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടില്ല.

2022-23 ൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ജില്ലാ -ബ്ലോക്ക് വിഹിതം ലഭ്യമാകാത്തതിനാലാണ് സംയുക്ത നിഹിതമായി ഉൾപ്പെടുത്താൻ കഴിയാത്തതെന്ന് ഇത് സംബന്ധിച്ച് നല്കിയ എൻകവയറിക്ക് (11/12.9.23) മറുപടി നല്കി.

സർക്കാർ മാർഗ്ഗ നിർദ്ദേശം അവലംബിച്ച് വികസനപ്രവർത്തനങ്ങൾക്ക് അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-5 പദ്ധതി അവലോകനം


ഫണ്ട് വിനിയോഗം


2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക,

ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

(എ)

ഫണ്ട്	2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV പ്രകാരം ലഭിക്കുന്ന തുക	2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം)	ലാപ്സായ തുക
വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം	13485000	12691389	793611
വികസനഫണ്ട് എസ്.സി.പി	7943000	7943000	0
മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്	4572000	4497553	74447
മെയിന്റനൻസ് ഗ്രാന്റ് റോഡ്	7079000	5978668	1100332
ആകെ	33079000	31110610	1968390





ധനകാര്യ കമ്മീഷൻ ഗ്രാന്റ് വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരം						
ഫണ്ട്	മുന്നിരിപ്പ് 2021-22 B4ഷെഡ്യൂൾ പ്രകാരം	വരവ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വരവ്)	ആകെ	ചെലവ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)	നീക്കിയിരിപ്പ്	നീക്കിയിരിപ്പ് (2022-23 B4 ഷെഡ്യൂൾ പ്രകാരം)
ധനകാര്യ കമ്മീഷൻ	1862586	3518000	5380586	3415333	1965253	1965253

ഗ്രാന്റ് (ടൈഡ്)						
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്)	1040888	2502544	3543432	2006871	1536561	1526358

നീക്കിയരിപ്പ് തുകകൾ വാർഷികധനകാര്യ പത്രികയിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ബി) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം ഒഴികെ)	ആകെ പദ്ധതി ചെലവ്	ചെലവ് ശതമാനം
കൃഷി ഓഫീസർ	7	7	0	3499100	2134849	61
വെറ്റിനറി സർജൻ	13	13	0	3164325	3099264	98
മെഡിക്കൽ ഓഫീസർ പി.എച്ച്.സി	12	12	0	2883075	2837364	98
മെഡിക്കൽ ഓഫീസർ -ഹോമിയോ	2	2	0	522000	522000	100
മെഡിക്കൽ ഓഫീസർ- ആയുർവേദം	2	2	0	365000	365000	100
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ1	7	5	2	2276963	953036	42
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ2	11	10	1	24838516	6396139	26
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	11	11	0	3101663	2903396	94
സെക്രട്ടറി	39	30	9	9396210	7628430	81
അസിസ്റ്റന്റ് എഞ്ചിനീയർ	37	30	7	18518221	12324969	66
ഹെഡ് മാസ്റ്റർ	5	5	0	720002	615121	85
ഡയറി ഫാം ഇൻസ്ട്രക്ടർ	2	2	0	852000	737320	87
അസിസ്റ്റന്റ് സെക്രട്ടറി	9	8	1	2422243	1924022	79

(സി)ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

ഫണ്ട്	വകയിരുത്തിയ തുക	ചെലവ് തുക	ശതമാനം
പൊതുവിഭാഗം (ജനറൽ)	15001521	12691389	85
എസ്.സി.പി.	8190265	7943000	97
ധനകാര്യ കമ്മിഷൻ അവാർഡ്	7534899	5959206	79
കേന്ദ്രാവിഷ്കൃത ഫണ്ട്	2795000	1383827	50

സംസ്ഥാനാവിഷ്കൃത ഫണ്ട്	12364906	112500	0.9
തനത് ഫണ്ട്	2883021	926992	32
മറ്റ് ബ്ലോക്ക്പഞ്ചായത്ത്	5741325	2382325	41
മറ്റ് ജില്ലാ പഞ്ചായത്ത്	4032293	247375	6
മെയിന്റനൻസ് റോഡ്	8193286	5978668	73
മെയിന്റനൻസ് റോഡിതരം	5504727	4497553	82
മറ്റുള്ളവ	30966483	2161956	7
ആകെ	103207726	44284791	43

ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി)	ആകെ പദ്ധതി ചെലവ്	ചെലവ് ശതമാനം
157	137	20	72559318	42440910	58

ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1അനുസരിച്ച്, ഭരണസമിതിയുടെ 18.12.2021തീയതി 2(1) നമ്പർ തീരുമാനപ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിക്കേണ്ടതില്ല എന്നു തീരുമാനിച്ചിട്ടുണ്ട്.

ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടില്ല. (ഓഡിറ്റ് എൻകയറി നമ്പർ 02/12.09.2023ന്റെ മറുപടി).

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ലായെന്ന് കാണുന്നു.

07.01.2022(യോഗത്തിൽ 14 പേർ പങ്കെടുത്തു) 06.06.2022(യോഗത്തിൽ 11 പേർ പങ്കെടുത്തു)എന്നീ തീയതികളിൽ ആസൂത്രണ സമിതി യോഗം കൂടിയിട്ടുണ്ട്.

കാർഷിക മേഖല വളരെ പിന്നോക്കാവസ്ഥയിലാണെന്ന് യോഗത്തിൽ പരാമർശമുണ്ട്. അവസ്ഥാരേഖ പരിഷ്കരിക്കണമെന്നും ഉല്പാദന മേഖലയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും നിർദ്ദേശമുണ്ട്.

പദ്ധതി നിർവ്വഹണം കാര്യക്ഷമമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഭരണസമിതിക്ക് യഥാസമയം നൽകുന്നതായി അറിയിച്ചിട്ടുണ്ട്. ആസൂത്രണസമിതി മിനിട്സ് ബുക്കിൽ യഥാസമയം എല്ലാ യോഗങ്ങളുടേയും വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് തുടർനടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർ പദ്ധതികൾ തയ്യാറാക്കുന്ന അവസരത്തിൽ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ്

6)സ.ഉ.കൈ.നം 84/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.2 എ പ്രകാരം 13വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 28.05.2022ലെ 1(6) നമ്പർ തീരുമാന പ്രകാരമാണ് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുള്ളത്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്കുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ മോണിറ്ററിംഗിന്റെ വിവരങ്ങൾ മിനിട്സ് ചെയ്തിട്ടില്ല.വർക്കിംഗ് ഗ്രൂപ്പ് യഥാസമയം ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ടെങ്കിലും മിനിട്സ് ബുക്കിൽ വിവരങ്ങൾ ക്യത്യമായി രേഖപ്പെടുത്തിയിട്ടില്ലായെന്നും വിവരങ്ങൾ യഥാസമയം മിനിട്സ് ബുക്കുകളിൽ രേഖപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

. വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങളും അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വർക്കിംഗ് ഗ്രൂപ്പ്	തീയതി	നിർദ്ദേശം	സ്വീകരിച്ച നടപടി

				(അവലംബം -ഓഡിറ്റ് എൻകെയറി നമ്പർ 02/11.09.2023ന്റെ മറുപടി)
I	ആരോഗ്യം	07.5.22	ഒറ്റൂർ പി എച്ച് സി , ടോയിലറ്റ് ഒ പി ബിൽഡിംഗിൽ നിന്നും പുറത്തേക്ക് മാറ്റി സ്ഥാ പിക്കുക.	ടോയിലറ്റ് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.
Ii	വിദ്യാഭ്യാസം	7.5.2022	സ്കൂളുകളിൽ കൊച്ചു കുട്ടിൾക്കും ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടിൾക്കും കൈ കഴുകുന്നതിനായി ടാപ്പുകൾ താഴ്ത്തി സ്ഥാ പിക്കുക	ഫണ്ടിന്റെ അപര്യാപ്തമൂലം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.
Iii	കൃഷി	7.6.2022	നെൽകൃഷി വികസനത്തിനായി പദ്ധതികൾ ആരംഭിക്കുക	കേദാരം പദ്ധതി നടപ്പിലാക്കി
Iv	സാമൂഹ്യനീതി	7.5.2022	ബഡ്സ് സ്കൂൾ ആരംഭിക്കുക	ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
V	സ്ത്രീകളുടെയും കുട്ടികളുടെയും വികസനം	7.5.22	അംഗനവാടികളിൽ പുതിയ പാചക ഉപകരണങ്ങൾ വാങ്ങുക	2023-24 വർഷം പദ്ധതി രൂപീകരിച്ചിട്ടുണ്ട്.
Vi	ജൈവ വൈവിദ്ധ്യ മാനേജ്മെന്റ്	7.6.22	റിങ്ങ് കമ്പോസ്റ്റ് നിർമ്മാണം	പദ്ധതി നടപ്പിലാക്കി വരുന്നു.

സ്റ്റാറ്റസ് റിപ്പോർട്ട്

നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന ഓരോ മേഖലിയിലേയും വികസന വിടവുകൾ കണ്ടെത്തി പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി അവസ്ഥാരേഖ പരിഷ്കരിച്ചിട്ടുണ്ട്.

. സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ഏതാനും പ്രശ്നങ്ങളും സ്വീകരിച്ച പരിഹാര നടപടികളും ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	മേഖല	തീവ്രത	പ്രശ്നം	സ്വീകരിച്ച നടപടി (അവലംബം -ഓഡിറ്റ് എൻകെയറി നമ്പർ 02/11.09.2023ന്റെ മറുപടി)
I	പൊതുഭരണവും ധനകാര്യവും	ഗുരുതരം	ഉൽപ്പന്നങ്ങൾക്ക് വിപണി ലഭ്യമാക്കുക	കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് വിപണന സൌകര്യം എന്ന പദ്ധതി രൂപീകരിച്ചു.
Ii	ആരോഗ്യം	അതീവ ഗുരുതരം	പ്രായമായവർക്ക് പി എച്ച്സിയിൽ എത്തിച്ചേരുവാനുള്ള ബുദ്ധിമുട്ട്.	
Iii	പട്ടികജാതി വികസനം	ഗുരുതരം	സ്ത്രീകൾക്ക് സ്ഥിരവരുമാനം	വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.
Iv	സാമൂഹ്യനീതി	ഗുരുതരം	ലഹരിയുടെ ഉപയോഗം	ലഹരിക്കെതിരെ ബോധവൽക്കരണം നടത്തി വരുന്നു.

ഗ്രാമസഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്ട്സ് പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തതല്ലാതെ നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല.

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടില്ല.

വായ്പ

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾക്കായി, ബാങ്ക് പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച്, തൻവർഷം കിണർ നിർമ്മാണം, സോക്ക്പിറ്റ്, കമ്പോസ്റ്റ് പിറ്റ് എന്നിവ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.

കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ വിപണന കേന്ദ്രത്തിന് ധനസഹായം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടുകളൊന്നും തന്നെ തയ്യാറാക്കിയിട്ടില്ല.

CSRഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമായിട്ടില്ല. വൻകിട കോർപ്പറേറ്റ് സ്ഥാപനങ്ങളൊന്നും തന്നെ ഗ്രാമ പഞ്ചായത്തിൽ നിലവിലില്ലാത്തതിനാൽ പ്രസ്തുത ഫണ്ട് ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യമാണെന്ന് അറിയിച്ചിട്ടുണ്ട്.

ആസ്തി രജിസ്റ്റർ

മാർഗ്ഗരേഖ ഖണ്ഡിക 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ്, റോഡിതര ആസ്തികളുടെ രേഖകൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വികസനത്തിനും പുരോഗതിക്കും ഉതകുന്ന വിധത്തിൽ മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചു കൊണ്ട് പദ്ധതിപ്പണം പൂർണ്ണമായും ഉപയോഗിക്കുന്ന വിധത്തിൽ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിൽ ഭരണസമിതി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

1-6-1 സാമൂഹ്യസുരക്ഷാ പെൻഷൻ- മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല

1)എല്ലാ പ്രാദേശിക സർക്കാർ പരിധിക്കുള്ളിലും മരണപ്പെടുന്നവരുടെ വിവരങ്ങൾ മൂന്ന് മാസത്തിലൊരിക്കൽ വീഴ്ചകൂടാതെ ധനകാര്യ (എസ്.എഫ്.സി-ബി) വകുപ്പിൽ അറിയിക്കേണ്ടതാണെന്നും പ്രസ്തുത ഡാറ്റ, ഇൻഫർമേഷൻ കേരള മിഷൻ "സേവനയുമായി" പരിശോധന നടത്തേണ്ടതും മരണപ്പെട്ട ഗുണഭോക്താക്കളെ കണ്ടെത്തുന്ന പക്ഷം ആയത് ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണെന്ന് 02.08.2021 തീയതിയിലെ 63/2021/ധന നമ്പർ സർക്കുലറിൽ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ ഉത്തരവ് പ്രകാരം പഞ്ചായത്തിലെ പെൻഷൻ ഗുണഭോക്താക്കളെ സംബന്ധിച്ച് നടത്തിയ പരിശോധനകളുടെ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ 12/12.09.2023 നമ്പർ ഓഡിറ്റ് എൻകുയറിക്കുള്ള മറുപടിയായി അങ്കണവാടി ടീച്ചർമാരിൽ നിന്നും വാർഡ് മെമ്പർമാരിൽ നിന്നുമുള്ള റിപ്പോർട്ടുകളും, ബാങ്ക് മുഖേന വീടുകളിൽ വിതരണം ചെയ്യുന്ന പെൻഷനുകളുടെ കാര്യത്തിൽ ബാങ്കിന്റെ റിപ്പോർട്ടും പരിശോധിച്ച് ഉറപ്പു വരുത്തി മരണപ്പെട്ടവരുടെ പെൻഷൻ സസ്പെന്റ് ചെയ്തു വരുന്നുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ മേൽപറഞ്ഞവരിൽ നിന്ന് ലഭിച്ച റിപ്പോർട്ടുകളോ, അതു പ്രകാരം എത്ര ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെന്റ് ചെയ്തു എന്നതു സംബന്ധിച്ച വിവരങ്ങളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശപ്രകാരം എല്ലാ മാസവും പെൻഷൻ ഡാറ്റാബേസ് കാലികമാക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

2)സർക്കുലർ നമ്പർ 63/2021/ധന തീയതി 02.08.2021 പ്രകാരം 2022 ഡിസംബർ മാസം സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കപ്പെട്ടതിൽ, പ്രാദേശിക സർക്കാരിലെ രേഖകൾ പ്രകാരം മരണം രജിസ്റ്റർ ചെയ്യപ്പെട്ടവരിൽ ആരും തന്നെ പെൻഷൻ കൈപ്പറ്റിയിട്ടില്ല എന്ന് വ്യക്തമാക്കിക്കൊണ്ടുള്ള ഒരു സർട്ടിഫിക്കറ്റ് എല്ലാ പ്രാദേശിക സർക്കാർ സെക്രട്ടറിമാരും 25.03.2023 നകം സർക്കാരിൽ ലഭ്യമാക്കേണ്ടതും സേവന പോർട്ടലിൽ അപ്ലോഡ് ചെയ്യേണ്ടതുമാണ് എന്ന നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർട്ടിഫിക്കറ്റ് സേവന പോർട്ടലിൽ അപ്ലോഡ് ചെയ്തിട്ടുണ്ടെങ്കിൽ, ആയതിന്റെ വിശദാംശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 13/12.09.2023 ന് ലഭ്യമാക്കിയ മറുപടിയിൽ പരാമർശിത സർട്ടിഫിക്കറ്റ് സേവന പോർട്ടലിൽ അപ്ലോഡ് ചെയ്തിട്ടില്ലായെന്നും ഭാവിയിൽ സമയബന്ധിതമായി ചെയ്യുമെന്നും അറിയിച്ചിട്ടുണ്ട് .

3)ഗ്രാമപഞ്ചായത്തിന്റെ ആകൂീവ് പെൻഷൻ ലിസ്റ്റിൽ ഉൾപ്പെടുന്ന ചില ഗുണഭോക്താക്കളുടെ മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാലും, മറ്റ് കാരണങ്ങളാലും പെൻഷൻ ബാങ്കുകൾ തടഞ്ഞ് വെയ്ക്കുന്നുണ്ട്.

ഓരോ തവണയും പെൻഷൻ വിതരണം ചെയ്യുന്നതിന് സർക്കാർ തുക അനുവദിക്കുമ്പോഴും ഇവർക്കുള്ള തുക കൂടി ബാങ്കുകൾക്ക് കൈമാറുന്നുണ്ട്. . ഓരോ പെൻഷൻ വിതരണത്തിനു ശേഷവും സേവന പോർട്ടലിൽ പെൻഷൻ സെക്ഷൻ കൈകാര്യം ചെയ്യുന്ന ക്ലാർക്കിന്റെ ലോഗിനിൽ ലഭ്യമാകുന്ന Bill Discrepancy Report പരിശോധിച്ചതിൽ മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാലും പുനർവിവാഹിതയല്ല എന്ന സാക്ഷ്യപത്രം ഹാജരാക്കാത്തതിനാലും, ഒന്നിൽ കൂടുതൽ പെൻഷൻ അനുവദനീയമല്ലാത്തതിനാലും പെൻഷൻ തടഞ്ഞുവച്ചതും എന്നാൽ ആക്ടീവ് പെൻഷൻ ലിസ്റ്റിൽ തുടരുന്നവരുമായി 159 പേരുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

Sl No.	Pension Type	Pensioner ID	Pensioner Name	Ward No	Bill Remark
1	Indira Gandhi National Widow Pension Scheme	102290600923	B Jayasree	9	പുനർവിവാഹിത അല്ല സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല .
2	Indira Gandhi National Widow Pension Scheme	102290600779	Sasikala R	6	പുനർവിവാഹിത അല്ല സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല .
3	Indira Gandhi National Widow Pension Scheme	102290600686	Raji.V	3	പുനർവിവാഹിത അല്ല സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല.
4	Indira Gandhi National Old Age Pension Scheme	102290200354	Sarasamma	2	മസ്റ്ററിങ് പൂർത്തീകരിച്ചിട്ടില്ല
5	Indira Gandhi National Old Age Pension Scheme	102290200326	Sumangi	7	മസ്റ്ററിങ് പൂർത്തീകരിച്ചിട്ടില്ല
6	Indira Gandhi National Old Age Pension Scheme	102290200279	N.Sreedharakurup	11	മസ്റ്ററിങ് പൂർത്തീകരിച്ചിട്ടില്ല
7	Agricultural Labour Pension	102290100521	A.Sankaran	13	മസ്റ്ററിങ് പൂർത്തീകരിച്ചിട്ടില്ല
8	Agricultural Labour Pension	102290100504	V.Bhanu	7	മസ്റ്ററിങ് പൂർത്തീകരിച്ചിട്ടില്ല
9	Agricultural Labour Pension	102290100448	Chellappakurup	10	മസ്റ്ററിങ് പൂർത്തീകരിച്ചിട്ടില്ല
10	Pension For Unmarried Women Above 50 Years	102290500041	Gomathi	7	മസ്റ്ററിങ് പൂർത്തീകരിച്ചിട്ടില്ല
11	Pension For Unmarried Women Above 50 Years	102290500036	Radhamani	7	മസ്റ്ററിങ് പൂർത്തീകരിച്ചിട്ടില്ല
12	Pension For Unmarried Women	102290500012	Saraswathy	4	മസ്റ്ററിങ് പൂർത്തീകരിച്ചിട്ടില്ല

	Above 50 Years				
13	Indira Gandhi National Widow Pension Scheme	102290600144	Ushakumari.N	6	സർക്കാർ ഉത്തരവ് പ്രകാരം 06/02/2017 ശേഷം ഒന്നിൽ കൂടുതൽ പെൻഷൻ അനുവദനീയമല്ല.
14	Indira Gandhi National Widow Pension Scheme	102290600185	Nirmaladevi	11	സർക്കാർ ഉത്തരവ് പ്രകാരം 06/02/2017 ശേഷം ഒന്നിൽ കൂടുതൽ പെൻഷൻ അനുവദനീയമല്ല.
15	Indira Gandhi National Widow Pension Scheme	102290600484	BabyGirija	12	സർക്കാർ ഉത്തരവ് പ്രകാരം 06/02/2017 ശേഷം ഒന്നിൽ കൂടുതൽ പെൻഷൻ അനുവദനീയമല്ല.

മരണപ്പെട്ടവരെയും, നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽനിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിന് പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക് ഉത്തരവാദിത്തമുണ്ട്. ഓരോ പെൻഷൻ വിതരണത്തിനു ശേഷവും സേവന പോർട്ടലിൽ പെൻഷൻ സെക്ഷൻ കൈകാര്യം ചെയ്യുന്ന ക്ലാർക്കിന്റെ ലോഗിനിൽ ലഭ്യമാകുന്ന Bill Discrepancy Report പരിശോധിച്ച് ഇത്തരക്കാരെ ഒഴിവാക്കേണ്ടതായിരുന്നു. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-6-2 മരണ ശേഷവും സാമൂഹ്യസുരക്ഷ പെൻഷൻ അനുവദിക്കുന്നു

ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ 2022-23 മരണ റിപ്പോർട്ടുമായി ബന്ധപ്പെട്ട ഭൂരിഭാഗം അപേക്ഷകളിലും ആധാർ നമ്പർ ലഭ്യമല്ല. ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റ് പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയതിൽ മരണശേഷവും പെൻഷൻ അനുവദിക്കുന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പെൻഷൻ ഐഡി	പേര്, പെൻഷൻ കൈപ്പറ്റുന്ന പഞ്ചായത്ത്	മരണപ്പെട്ട തീയതി	പെൻഷൻ വിഭാഗം	പെൻഷൻ അനുവദിച്ച കാലയളവ്	സ്റ്റാറ്റസ്	അധികമായി അനുവദിച്ച തുക
1	102430201197	കൃഷ്ണകുമാർ.G, ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്	29.12.2022	വാർദ്ധക്യകാല പെൻഷൻ	01/2023മുതൽ 06/2023വരെ	ആക്ടീവ്	1600*6=9600
2	102340200917	ദമയന്തി, കരവാരം ഗ്രാമപഞ്ചായത്ത്	20.09.2022	വാർദ്ധക്യകാല പെൻഷൻ	10/2022മുതൽ 06/2023വരെ	ആക്ടീവ്	1600*9=14400
3	101730202292	ആർ.വിജയമ്മ, ആറ്റിങ്ങൽ മുൻസിപ്പാലിറ്റി	06.11.2022	വാർദ്ധക്യകാല പെൻഷൻ	12/2022മുതൽ 06/2023വരെ	ആക്ടീവ്	1600*7=11200
4	102290100072	സദാശിവക്കുറുപ്പ്, ഒറ്റൂർ ഗ്രാമപഞ്ചായത്ത്	16.3.2023	കർഷക തൊഴിലാളി പെൻഷൻ	4/2023മുതൽ 06/2023വരെ	ആക്ടീവ്	1600*3=4800
5	101720200700	കൌസല്യ.കെ, വർക്കല മുൻസിപ്പാലിറ്റി	17.3.2023	വാർദ്ധക്യകാല പെൻഷൻ	4/2023മുതൽ 06/2023വരെ	ആക്ടീവ്	1600*3=4800
6	102290200139	സുമതി.ബി, ഒറ്റൂർ ഗ്രാമപഞ്ചായത്ത്	23.02.2023	വാർദ്ധക്യകാല പെൻഷൻ	3/2023മുതൽ 06/2023വരെ	ആക്ടീവ്	1600*4=6400
7	101670245492	മുത്തുബായി.സി, തിരുവനന്തപുരം കോർപ്പറേഷൻ	04.02.2023	വാർദ്ധക്യകാല പെൻഷൻ	3/2023മുതൽ 06/2023വരെ	ആക്ടീവ്	1600*4=6400

മരണപ്പെട്ടവരെയും അനർഹരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനായി സർക്കാർ കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടും ആയത് പാലിക്കാതെ മരണപ്പെട്ടവർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്. പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന മരണങ്ങൾ പരിശോധിച്ച്, അവയിൽ പെൻഷൻ ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവരുടെ പെൻഷൻ

സ്റ്റാറ്റസ് അടിയന്തിരമായി സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മറ്റു തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരുടെ മരണ വിവരം അതാത് തദ്ദേശ സ്ഥാപനങ്ങളിൽ യഥാസമയം അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. (അവലംബം ഓഡിറ്റ് എൻകയറി നം.27/15.09.2023)

1-6 ക്ഷേമപദ്ധതികൾ

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	23,39,000	1,659
വിധവാ പെൻഷൻ	84,88,400	5,613
വാർദ്ധക്യകാല പെൻഷൻ	1,69,23,000	11,794
വികലാംഗ പെൻഷൻ	25,95,900	1,669
അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം	3,90,800	253
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	1,80,000	6

1-7 ക്യാഷ് ബാലൻസ്

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.09.2023 തീയതിയിൽ 10.30AM സമയത്ത് ഉത്തരവാദത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4391/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

1-8 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

. ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്.

. മിനിട്ട്സ് ബുക്കുകൾ, ബിൽ രജിസ്റ്റർ, നിക്ഷേപ രജിസ്റ്റർ, മൂൻകൂർ രജിസ്ററർ, വായ്പാ രജിസ്റ്റർ, വൗച്ചറുകൾ തുടങ്ങിയവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്.

. അതത് മാസങ്ങളിലെ വരവു -ചെലവുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. ബജറ്റ് , ധനകാര്യ പത്രിക എന്നിവയും തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്.

. ILGMS സോഫ്റ്റ് വെയറിലൂടെയുള്ള ഭരണനിർവഹണത്തിൽ പുരോഗതിയുണ്ട്.

. വരവുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്.

. വാഹനങ്ങളുടെ സൂക്ഷിപ്പിൽ ചട്ടങ്ങൾ പാലിക്കുന്നുണ്ട്. ലോഗ് ബുക്കുകളിൽ ഇന്ധനം നിറയ്ക്കൽ, ഉപഭോഗം , പ്രതിമാസ ക്ലോസിംഗ്, അറ്റകുറ്റപ്പണികൾ തുടങ്ങിയ വിവരങ്ങൾ കാലികമായി രേഖപ്പെടുത്തുന്നു.

. വാർഷിക പദ്ധതി നിർവഹണത്തിൽ പുരോഗതി കൈവരിച്ചിട്ടുണ്ട്. ആകെയുള്ള 157 പ്രോജക്കുകളിൽ 137 എണ്ണം നടപ്പാക്കി.

. ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തിയാകുന്നതിൽ കാലതാമസം നേരിടുന്നു.

. സ്വന്തം ആസ്തികളിൽത്തന്നെയോണോ പൊതുമരാമത്ത് പ്രവൃത്തികൾ ചെയ്യുന്നത് എന്ന് ബന്ധപ്പെട്ട എസ്റ്റിമേറ്റ് റിപ്പോർട്ടുകളിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

. 2004ലെ കേരള പഞ്ചായത്ത് രാജ് (പൌരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൌരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്.എന്നാൽ ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിച്ച പൌരാവകാശ രേഖ പുതുക്കിയിട്ടില്ല. പൌരാവകാശ രേഖ പുതുക്കി പൊതുജനങ്ങൾക്ക് വിതരണം ചെയ്തിട്ടില്ല.

. സാമൂഹ്യസുരക്ഷപെൻഷനുകൾ അനർഹർ കൈപ്പറ്റുന്നത് തടയുന്നതിന് സർക്കാർ നിർദ്ദേശാനുസരണമുള്ള പ്രവർത്തന നിയന്ത്രണങ്ങൾ സാധ്യമായിട്ടില്ല.

. നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞു.

. വാങ്ങലുകളിൽ പ്രൊക്യൂവർമെന്റ് കമ്മിറ്റി മേൽനോട്ടം വഹിക്കുന്നു.

. പ്രോജക്കുകളുടെ കാര്യക്ഷമമായ പൂർത്തീകരണം വിലയിരുത്തുന്ന സമിതി റിപ്പോർട്ടുകൾ ഫയലുകൾക്കൊപ്പം സൂക്ഷിച്ചിട്ടുണ്ട്.

ആഭ്യന്തരനിയന്ത്രണസംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്ന അപാകതകൾ പരിഹരിക്കേണ്ടതുണ്ട്.

. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

. കെട്ടിടനിർമ്മാണം, മാലിന്യസംസ്ക്കരണം, എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

. വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

. പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും, ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും, കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതാണ്.

. തനത് വരുമാനവർദ്ധനവിനുതകുന്ന എല്ലാ സ്രോതസ്സുകളും പരമാവധി പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

. ഗ്രാമ പഞ്ചായത്ത് അധീനതയിലുള്ളതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 220(ബി) ബാധകമാക്കേണ്ടതുമായ ഗ്രാമ പഞ്ചായത്ത് ആസ്തി രജിസ്റ്ററിലുള്ള എല്ലാ റോഡുകളും പരിശോധിച്ച് പട്ടികപ്പെടുത്തി പൊതുജന ശ്രദ്ധയ്ക്കായി നോട്ടിഫൈ ചെയ്യേണ്ടതാണ്.
ആറാം സംസ്ഥാന ധനകാര്യകമ്മീഷൻ ശുപാർശ ചെയ്തത് പ്രകാരം തനത് വരുമാനം (നികുതി-നികുതിയേതരവരുമാനം) വർദ്ധിപ്പിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് 2021-22 വർഷം മുതൽ ഇൻസെന്റീവ് ഗ്രാന്റ് അനുവദിക്കുന്നുണ്ട്. ഇൻസെന്റീവ് ഗ്രാന്റിൽ നിന്നും പരമാവധി വിഹിതം നേടിയെടുക്കുകയെന്ന ലക്ഷ്യത്തോടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പ്രത്യേകം ശ്രമം നടത്തേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

1-9 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവുകൾ	58808	702905	761713	727883	33830
ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത്	0	2,42,87,341	2,42,87,341	2,42,87,341	0
ആകെ	58808	2,49,90,246	2,50,49,054	2,50,15,224	33830

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	18.12.21 മുതൽ 21.12.21 വരെ	01.01.2021 മുതൽ 31.7.2021 വരെ	18.02.2022
അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	19.08.2017	2012-13 മുതൽ 2016-17 വരെ	26.03.2017

1-11-1 വസ്തു നികുതി പരിഷ്ക്കരണം -തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

05/04/2023 ലെ സ.ഉ.(അച്ചടി)നം.25/2023/LSGD പ്രകാരം ഗ്രാമപഞ്ചായത്തിലെ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു

ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം വസ്തുനികുതി നിരക്കുകൾ 01/04/2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിന് നിർദ്ദേശിച്ചു. 31/03/2023 വരെയുണ്ടായിരുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമങ്ങളെ വിവിധയിനങ്ങളിലായി വീണ്ടും വിഭജിച്ചാണ് ഉപയോഗക്രമ ഇനവും നികുതി സ്ലാബും നിശ്ചയിച്ചിട്ടുള്ളത്. വസ്തുനികുതി പരിഷ്കരണത്തിനുള്ള സർക്കാർ നിർദ്ദേശത്തിനനുസരിച്ച് 01.04.2023 മുതൽ ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി നിർണ്ണയം നടത്തുന്ന കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ചുമത്തുന്നതിനുള്ള നിരക്കുകൾ 20.04.2023 ലെ 2(1) നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരണത്തിന് അനുസൃതമായി ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് കരട് വിജ്ഞാപനം ചെയ്തു. തുടർന്ന് 27.07.2023 ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 2(1) നമ്പർ തീരുമാനപ്രകാരം നികുതി നിരക്കുകൾ അന്തിമമായി നിശ്ചയിച്ചിട്ടുണ്ട്. സഞ്ചയയിൽ നികുതി പരിഷ്കരണ നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ നിലവിൽ 2023-24 വർഷത്തെ നികുതി പഴയ നിരക്കിലാണ് ഈടാക്കി വരുന്നത്. പുതിയ നികുതി നിരക്കുകൾ ഉൾപ്പെടുത്തുന്നതിന് സഞ്ചയ സോഫ്റ്റ്വെയർ അപ്ഡേഷൻ വരുന്ന മുറയ്ക്ക് ഡിമാന്റ് പരിഷ്ക്കരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

നിലവിലെ നികുതി നിരക്കും പുതുക്കിയ നിരക്കും തമ്മിലുള്ള വ്യത്യാസം സംബന്ധിച്ച് ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ഉപയോഗക്രമം	നിലവിലെ നിരക്ക്	പുതുക്കിയത്
പാർപ്പിടാവശ്യം	5	8
ഇതര വ്യവസായ ആവശ്യത്തിനുള്ളവ	50	60
സ്വകാര്യ ഹോസ്റ്റൽ	60	70
മൊബൈൽ ടവർ	500	600

അന്തിമ വിജ്ഞാപനത്തിലെ നികുതി നിരക്കുകൾ നികുതി ഡേറ്റാബേസിൽ ഉൾപ്പെടുത്തി 2023-24 വർഷത്തെ ഡിമാന്റ് ജനറേറ്റ് ചെയ്യേണ്ടതാണ്. നികുതി നിരക്ക് പുതുക്കുമ്പോൾ പുതുതായി ഉൾപ്പെടുത്തിയ ഉപയോഗക്രമങ്ങൾക്ക് അനുസരിച്ച് കെട്ടിടങ്ങളെ വേർതിരിച്ച് ഡേറ്റാബേസിൽ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഉദാഹരണമായി പാർപ്പിടാവശ്യം, വ്യവസായ ആവശ്യം തുടങ്ങിയ കാറ്റഗറികളിൽ നിശ്ചയിച്ച പിരിവുകളായി വരുന്ന ഉപയോഗക്രമങ്ങൾ എല്ലാം ആയത് ബാധകമായ കെട്ടിടങ്ങളെത്തന്നെ ലിസ്റ്റ് ചെയ്യേണ്ടതാണ്. വസ്തുനികുതി പരിഷ്കരണത്തിന്റെ നടപടികളെല്ലാം പൂർത്തിയാക്കിയ ശേഷം നികുതി ഡേറ്റാബേസിൽ നിരക്കുകൾ ചേർത്തതിന്റെ റിപ്പോർട്ട്, 2023-24 വർഷത്തെ പുതുക്കിയ ഡിമാന്റ് ജനറേറ്റ് ചെയ്തത് എന്നിവ ലഭ്യമാക്കേണ്ടതാണ്. നിലവിൽ പഴയ നിരക്കിൽ നികുതി ഒടുക്കിയവരുടെ നികുതി പരിഷ്കരിക്കുമ്പോഴുണ്ടാകുന്ന വ്യത്യാസം അടവാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

1-11-2 വസ്തു നികുതി വരവ് - ബജറ്റിൽ നിന്നുള്ള വ്യതിയാനം പരിശോധനാ വിധേയമാക്കേണ്ടതാണ്

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വസ്തു നികുതി വരവ് 3300000/- രൂപയാണ്. സഞ്ചയ, പ്രകാരമുള്ള വസ്തു നികുതി വരവ് 2309898/- രൂപയും (റെസിഡൻഷ്യൽ - 1021022/- + 1288876/-) ഐ.എൽ.ജി.എം.എസ് പ്രകാരമുള്ളത് 2312499/- രൂപയും (റെസിഡൻഷ്യൽ - 1023623/- + 1288876/-) ആണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വസ്തു നികുതിയിൽ നിന്നും യഥാർത്ഥ വസ്തു നികുതി വരവിന്റെ വ്യതിയാനം പരിശോധനാ വിധേയമാക്കിയതായി കാണുന്നില്ല. 2020-21 കോവിഡ് അനന്തരം ഉണ്ടായ കെട്ടിട നിർമ്മാണ മേഖലയിലെ മാന്ദ്യം പുതിയെ കെട്ടിട നിർമ്മാണങ്ങളെ ബാധിച്ചതായും തന്മൂലം പ്രതീക്ഷിത വസ്തു നികുതി വരുമാനം ആർജ്ജിക്കാൻ സാധിച്ചിട്ടില്ലായെന്നും വിശദീകരിച്ചിട്ടുണ്ട്. പ്രതീക്ഷിത വസ്തു നികുതിയിൽ നിന്നുള്ള വ്യതിയാനം പരിശോധനാ വിധേയമാക്കേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-11-3 വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം7 പ്രകാരം മേഖലകളെ സംബന്ധിച്ച വിവരം വാർഡ് അടിസ്ഥാനത്തിൽ രേഖപ്പെടുത്തിയ മാപ്പ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. പുതിയ വസ്തുനികുതി പരിഷ്ക്കരണ വേളയിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്നും മറുപടി (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 32/ 16.09.2023) ലഭ്യമാക്കിയിട്ടുണ്ട്. മേഖലാ വിഭജനം കൃത്യമായി നടത്തി മാപ്പ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി ഈടാക്കേണ്ടതുമാണ്.

1-11-4 പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റുകൾ നടത്തിയതിന്റെയും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചതിന്റെയും വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (6/11.09.2023) മറുപടിയായി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് എന്ന രീതിയിലല്ലെങ്കിലും വാർഡ് ചുമതലയുള്ള ക്ലർക്കുമാർ മേൽ വിഷയത്തിൽ ശ്രദ്ധ ചെലുത്തുന്നുണ്ടെന്നും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നോട്ടീസ് നൽകുന്നുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വരും വർഷങ്ങളിൽ പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട് .

1-11-5 അനധികൃത നിർമ്മാണം - തുടർനടപടി സ്വീകരിക്കേണ്ടതാണ്

സഞ്ചയ സോഫ്റ്റ്വെയർ മുഖേന ലഭ്യമാക്കിയ വിവരം പ്രകാരം ഗ്രാമപഞ്ചായത്തിൽ പ്രകാരം 6 കെട്ടിടങ്ങൾ അനധികൃത നിർമ്മാണങ്ങളായി നിലനിൽക്കുന്നുണ്ട്.

ക്രമ നമ്പർ	കെട്ടിട ഐ.ഡി	കെട്ടിട നമ്പർ	ഉപയോഗക്രമം	തറ വിസ്തീർണ്ണം (M^2)	ഈടാക്കുന്ന വാർഷിക വസ്തു നികുതി (രൂപ)
1	50229010007583	1/1/UA/2016	പാർപ്പിടാവശ്യം	60.45	823
2	50229010009377	1/2/UA(2023)	ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ)	40	4960
3	50229010007440	5/327/UA	പാർപ്പിടാവശ്യം	60	816
4	50229010008526	10/1/UA/18	പാർപ്പിടാവശ്യം	9	107
5	50229010007716	12/700/1/UA/17	പാർപ്പിടാവശ്യം	129.28	2508
6	50229010008706	12/701/1/UA/2019	പാർപ്പിടാവശ്യം	116.17	2477

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 93(3) പ്രകാരം ക്രമവത്കരണത്തിനുള്ള അപേക്ഷകളിൽ തീർപ്പാക്കൽ നടപടിക്രമം പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നതുപോലെ തന്നെയായിരിക്കും. ആയതിനാൽ ക്രമവത്കരണത്തിനുള്ള അപേക്ഷകൾ അപേക്ഷ ലഭിച്ച് നിശ്ചിത ദിവസത്തിനുള്ളിൽ അംഗീകരിക്കുകയോ, നിരസിക്കുകയോ ചെയ്യേണ്ടതാണ്. ക്രമവത്ക്കരണം നിരസിക്കുന്ന അപേക്ഷകളിൽ ചട്ടം 96 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്(Demolition Of Buildings Not Regularised).

മേൽ പട്ടികയിലെ കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനോ, ചട്ടപ്രകാരമുള്ള തുടർ നടപടികൾ നടപ്പിലാക്കുന്നതിനോ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (42/18.09.2023) കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിന്

അപേക്ഷകരെ അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11-6 നിലവിലുള്ള കെട്ടിടത്തിന്റെ വിവരം സൈറ്റ് പ്ലാനും , സഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

നമ്പറിംഗ് ഫയലുകളുടെ പരിശോധനയിൽ പുതുതായി നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ "Completed Plan " -ൽ കെട്ടിടം സ്ഥിതി ചെയ്യുന്ന അതേ പ്ലോട്ടിൽ കെട്ടിടത്തിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന " Exististing Building"- ന്റെ വിസ്തീർണ്ണം സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള പ്രസ്തുത കെട്ടിടങ്ങളുടെ വിസ്തീർണ്ണവുമായി പൊരുത്തപ്പെടാത്തതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ഫയൽ നമ്പർ	A2-BA-2380/2022 Dtd 13.01.2020
കെട്ടിട ഉടമ	ശ്രീ.സലീം അബൂബക്കർ,
കെട്ടിട നമ്പർ	IV/175 A, B,C,D
ഉപയോഗക്രമം	IV/175 A, B,Cവാണിജ്യാവശ്യം , IV/175 Dപാർപ്പിടാവശ്യം
വിസ്തീർണം	IV/175 A – 18 M^2 IV/175 B – 31.84 M^2 IV/175 C – 14 M^2 IV/175 D – 88.83 M^2

പാർപ്പിടാവശ്യത്തിനും വാണിജ്യാവശ്യത്തിനുമുള്ള കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിനായാണ് മേൽ അപേക്ഷ ലഭ്യമാക്കിയിരിക്കുന്നത്. കെട്ടിടത്തിന്റെ പൂർത്തീകരണ പ്ലാനിൽ കെട്ടിടം സ്ഥിതി ചെയ്യുന്ന അതേ പ്ലോട്ടിൽ കെട്ടിടത്തിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന IV/175 നമ്പർ കെട്ടിടത്തിന്റെ വിസ്തീർണം 84.14 M2 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് . എന്നാൽ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ വിസ്തീർണ്ണം 71m^2 മാത്രമാണുള്ളത്.

അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (31/16.09.2023) മറുപടിയായി നിയമനുസൃത നടപടികളിലൂടെ പിഴവ് തിരുത്തി ടാക്സ് റിവിഷൻ നടത്തി കൃത്യമായ അളവ് സഞ്ചയയിൽ ഉൾപ്പെടുത്തി നികുതി പുനർനിർണയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ നികുതി പുനർനിർണയിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-11-7 പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തെ സഞ്ചയയിൽ പൊളിച്ചു നീക്കിയതായി രേഖപ്പെടുത്തിയതിനാൽ വസ്തു നികുതി ഈടാക്കുന്നില്ല

ശ്രീമതി ശുഭ, ശ്രീ പ്രകാശ് എന്നീ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള VIII/265 നമ്പർ കെട്ടിടം (വിസ്തീർണ്ണം - 82m^2)പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്നതാണെന്നും പഞ്ചായത്ത് അസസ്മെന്റ് രജിസ്റ്ററിൽ പ്രസ്തുത കെട്ടിടം പൊളിച്ചു നീക്കിയതായി രേഖപ്പെടുത്തിയിരിക്കുകയാണെന്നും ടി കെട്ടിടത്തിന്റെ നികുതി ഒടുക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി ശുഭ 30/09/2022 ൽ സെക്രട്ടറിക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം ലഭ്യമാക്കിയ വിവരങ്ങൾ പരിശോധിച്ചതിൽ 1992-93 -ൽ പ്രസ്തുത കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടത്തിന്റെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല. ടി കെട്ടിടത്തിന്റെ 2014 രണ്ടാം അർദ്ധവർഷം വരെയുള്ള വസ്തു നികുതി 27.02.2018 -ൽ അടവാക്കിയിട്ടുണ്ട്. 2014 രണ്ടാം അർദ്ധ വർഷം പ്രസ്തുത കെട്ടിടം പൊളിച്ചു നീക്കിയതായി സഞ്ചയയിൽ കാണുന്നു. നിലവിലും ഉപയോഗിച്ചു വരുന്ന കെട്ടിടത്തെ സഞ്ചയയിൽ പൊളിച്ചു നീക്കിയതായി രേഖപ്പെടുത്തി 2015 ഒന്നാം അർദ്ധവർഷം മുതലുള്ള വസ്തു നികുതി ഈടാക്കാത്തത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (39/18.09.2023) ഫീൽഡ് പരിശോധന നടത്തി പ്രസ്തുത കെട്ടിടത്തിന്റെ നിലവിലെ സ്ഥിതി പരിശോധിച്ച് ഡാറ്റാ പ്യൂരിഫിക്കേഷൻ സഞ്ചയയിൽ ലഭ്യമാകുന്ന മുറയ്ക്ക് നികുതി പുനർ നിർണയിച്ച് നൽകുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ വസ്തു നികുതി പുനർനിർണയിച്ച് വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. കൂടാതെ സഞ്ചയ സോഫ്റ്റ്വെയറിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-11 വസ്തു നികുതി - അപാകങ്ങൾ

വസ്തു നികുതി പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1-12-1 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം നിശ്ചിത ദിവസം പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഒറ്റൂർ ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരുടെ ലിസ്റ്റ് ചുവടെ ചേരക്കുന്നു.

ക്രമ നം.	കരാറുകാരന്റെ പേര്	മേൽവിലാസം
1	സജിത ലാൽ.എസ്	എം.എം ലാന്റ്, മണമ്പൂർ, ആറ്റിങ്ങൽ
2	വിജയൻ.പി	കൈലാസ്, കണ്ണങ്കര, തൊപ്പിച്ചന്ത
3	പ്രസാദ്.എസ്	മുള്ളുവിള വീട്, മുക്കട, പൂതക്കുളം
4	അജിത്കുമാർ	കമുകിൻകോട്, റോഡരികത്ത് വീട്, വെളിയം
5	വിജയൻ.എൽ	പുളിയത്ത് ഹൗസ്, കരതല, വർക്കല
6	മുഹമ്മദ് കുഞ്ഞ്.എം	പണയിൽവീട്, പാലാംകോണം
7	ജോയ്.ജി	സത്യമന്ദിരം, മണമ്പൂർ പി.ഒ
8	ശ്രീകുമാർ	എസ്.എസ്.നിവാസ്, തെറിവിള, നെല്ലിമൂട് പി.ഒ
9	ജയചന്ദ്രൻ	കല്ലറവിളാകം ഹൗസ്, വലിയകട, ചിറയിൻകീഴ്

മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (22/14.09.2023) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

1-12-2 തൊഴിൽ നികുതി - സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്തിലോ അതിനു വെളിയിലോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്തിൽ താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതുമായ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ഗ്രാമ പഞ്ചായത്തിൽ സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ , സ്വകാര്യ സ്കൂൾ/ കോളേജ് ജീവനക്കാർ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (04/11.09.2023) ന് മറുപടിയായി പഞ്ചായത്തിലെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളുടെയും പട്ടിക തയ്യാറാക്കുകയും ആയതിൽ ഓരോ അർദ്ധവർഷങ്ങളിലും അനിവാര്യമായ ഒഴിവാക്കലുകളും കൂട്ടിച്ചേർക്കലുകളും വരുത്തി തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതായി അറിയിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ പരാമർശത്തിൽ ഉൾപ്പെട്ട വിഭാഗങ്ങളിലുള്ളവരെ കൂടി ഉൾപ്പെടുത്തി തൊഴിൽ നികുതി പട്ടിക വിപുലപ്പെടുത്തി നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഡിമാന്റ് ചെയ്യുന്ന തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതോടൊപ്പം തൊഴിൽ നികുതി

അടവാക്കാൻ ബാധ്യസ്ഥരായ മുഴുവൻ വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

1-12-3 സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെട്ട വെട്ടിമൺകോണം ക്ഷീരസഹകരണ സംഘത്തിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കിയതായി കാണുന്നില്ല. പ്രസ്തുത സ്ഥാപനം വർഷങ്ങളായി പ്രവർത്തന രഹിതമായിരുന്നുവെന്നും സമീപ സമയത്ത് തുറന്ന് പ്രവർത്തിക്കാൻ തുടങ്ങിയതാണെന്നും സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 05/11.09.2023) ലഭ്യമാക്കിയിട്ടുണ്ട്. സ്ഥാപനം പുനർപ്രവർത്തനം ആരംഭിച്ച കാലയളവ് പരിശോധിച്ച് ടി സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-12-4 ലൈസൻസ് അപേക്ഷകൾ പരിശോധിച്ച് ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

സ്ഥാപനത്തിന്റെ പേര്	ജീവനക്കാരുടെ എണ്ണം (ലൈസൻസ് അപേക്ഷ പ്രകാരം)
രവീസ് ഏജൻസീസ്, കല്ലമ്പലം	4
പി& ജെ ഫ്ലോറിംഗ്സ്, ഞെക്കാട്	7

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (05/11.09.2023) മറുപടിയായി മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്, പഞ്ചായത്തിൽ ലൈസൻസിനായി ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം കണക്കാക്കേണ്ടതും , പ്രസ്തുത വ്യക്തികളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കുന്നുവെന്ന് ഉറപ്പാക്കി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-12 തൊഴിൽ നികുതി - അപാകങ്ങൾ

തൊഴിൽ നികുതി പരിശോധനയിൽ ശ്രദ്ധയിൽ പെട്ട അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1-13 നികുതി / നികുതിയേതര വരവുകൾ - അവലോകനം

ഗ്രാമപഞ്ചായത്തുകളുടെ പ്രധാന നികുതി വരുമാനങ്ങൾ വസ്തുനികുതി, തൊഴിൽനികുതി, വിനോദനികുതി എന്നിവയാണ്. ഏറ്റവും വലിയ നികുതി വരുമാനമായ വസ്തുനികുതി നിയമാനുസൃത ഒഴിവുകളില്ലാത്ത എല്ലാ പാർപ്പിടാവശ്യ കെട്ടിടങ്ങളിൽ നിന്നും പാർപ്പിടേതര ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ നിന്നും ഈടാക്കുന്നു(കേരള പഞ്ചായത്ത് രാജ് നിയമം 203). രണ്ടാമത്തെ വലിയ നികുതി വരുമാനമായ തൊഴിൽ നികുതി ജീവനക്കാർ, വ്യാപാരം വ്യവസായം എന്നിവ നടത്തുന്നവർ, പ്രൊഫഷണൽസ്, സ്ഥാപനങ്ങൾ എന്നീ ഇനങ്ങളിലായി നിയമപ്രകാരം ഈടാക്കാം(കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-204). സിനിമ ഉൾപ്പെടെയുള്ള വിനോദപരിപാടികളുടെ ടിക്കറ്റ് നിരക്ക് അടിസ്ഥാനപ്പെടുത്തി, വിനോദം നൽകുന്ന സ്ഥാപനം നൽകുന്ന ജി.എസ്.ടി റിട്ടേണുകളെ ആസ്പദമാക്കിയാണ് വിനോദ നികുതി ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കുന്നത്.

ആറാമത് ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശാനുസരണം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകി ഒരു ടാക്സ് ഓഡിറ്റ് നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, വസ്തുനികുതി എന്നിവയിലെ ഡിമാൻഡുകൾ പൂർണ്ണമല്ല എന്ന് വ്യക്തമായി. ഡിമാൻഡുകൾ പൂർണ്ണമല്ലാത്തത് നികുതി ചോർച്ചയ്ക്ക് ഇടയാക്കുന്നു. നികുതി നികുതി ഇതര വരുമാനങ്ങളെ സംബന്ധിക്കുന്ന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) പുതിയ തനതുവരുമാനമേഖലകൾ:

പുതിയ തനതു വരുമാനമേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ഒന്നുംതന്നെ ധനകാര്യസ്ഥിരം സമിതിയുടെയോ പഞ്ചായത്ത് സമിതിയുടെയോ തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്തിന് സ്വന്തമായി സ്ഥലമുള്ള ഭാഗം വാണിജ്യപരമായി പ്രാധാന്യമുള്ളതെങ്കിൽ, അവിടെങ്ങളിൽ കടമുറികൾ നിർമ്മിച്ച് തനത് വാടകവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമിതിയുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. വാണിജ്യപരമായി പ്രാധാന്യം ഉള്ള സ്ഥലങ്ങളിൽ കെട്ടിടങ്ങളോ സ്ഥലങ്ങളോ ഒഴിഞ്ഞ് കിടക്കുന്നുണ്ടോയെന്ന് പരിശോധന വിധേയമാക്കേണ്ടതാണ്.

2) പ്രൊഫഷണലുകളിൽ നിന്നുള്ള തൊഴിൽ നികുതി വരുമാനം ഡിമാൻഡ് ചെയ്യുന്നില്ല:

നിയമാനുസൃതം സ്വയം തൊഴിലെടുക്കുന്ന (പ്രൊഫഷണൽസ്) ഡോക്ടർമാർ, അഭിഭാഷകർ, ആർക്കിടെക്റ്റ്, ടാക്സ് പ്രാക്ടീഷണർമാർ, ചാർട്ടേഡ് അക്കൌണ്ടന്റ്, ഇൻഷുറൻസ് ഏജന്റുമാർ, പൊതുമരാമത്ത് കോൺട്രാക്ടർമാർ തുടങ്ങിയ ഒരു വലിയ വലിയവിഭാഗം തൊഴിൽ നികുതി ചുമത്തലിൽ നിന്നും ഒഴിവാക്കപ്പെടുന്നുണ്ട്. മതിയായ വിവരഅടിത്തറയുടെ അഭാവമാണ് പ്രധാനകാരണം. 2022-23 വാർഷികകണക്കുകളെ അടിസ്ഥാനപ്പെടുത്തിയാൽ ഈ ഇനത്തിൽ ഒരാളിൽ നിന്നുപോലും ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്നത് വ്യക്തമാണ്.

3) തൊഴിൽ നികുതി ഈടാക്കുന്നതിന് സോഫ്റ്റ്വെയർ അധിഷ്ഠിത സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്.

വളരെ എളുപ്പത്തിൽ ചെയ്യാവുന്ന തൊഴിൽ നികുതിയുടെ ഡേറ്റാബേസ് നാളിതുവരെയും ഡിജിറ്റലൈസ് ചെയ്തിട്ടില്ല. സ്ഥാപനങ്ങൾക്ക് പെർമനന്റ് നമ്പർ നൽകികൊണ്ട് തൊഴിൽനികുതി വിവരഅടിത്തറ ഡിജിറ്റലൈസ് ചെയ്യുന്നതിന് IKM മുഖാന്തിരം സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ്. തൊഴിൽ നികുതിയിലെ വരുമാനനഷ്ടം ഒരളവുവരെ ഇപ്രകാരം പരിഹരിക്കാവുന്നതാണ്

4) **മുൻ വസ്തുനികുതി പരിഷ്കരണത്തിൽ അപാകങ്ങൾ നിലനിൽക്കെ വീണ്ടും നികുതി പരിഷ്ക്കരിക്കുമ്പോൾ അപാകങ്ങൾ ഒഴിവാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്**

2013നികുതി പരിഷ്കരണത്തിലെ നിരവധി പിഴവുകൾ തുടർന്നുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ മുഖാന്തിരം ചൂണ്ടി കാണിച്ചിട്ടുണ്ടെങ്കിലും അപാകങ്ങൾ നിലവിലും തുടരുന്ന സാഹചര്യമുണ്ട്. പ്രസ്തുത വസ്തു നികുതി പരിഷ്ക്കരണത്തിന്റെ ഡാറ്റാ എൻട്രി നിലവിലും പൂർത്തീകരിക്കപ്പെട്ടിട്ടില്ല. കെട്ടിടങ്ങളുടെ ഉപയോഗക്രമം കൃത്യമായാണോ ഉൾപ്പെടുത്തിയത്, വസ്തുനികുതി നിർണ്ണയത്തിന് സ്വീകരിച്ച റോഡുകളുടെ വിസ്തൃതി, മേഖല ഡേറ്റാ എൻട്രി നടത്തിയപ്പോൾ കൃത്യമായി ഉൾപ്പെടുത്തിയോ , മേൽത്തരം തറ നിർമ്മിതിക്ക് ബാധകമാക്കേണ്ട വർദ്ധനവ് ഉൾപ്പെടുത്തിയിരുന്നോ തുടങ്ങിയ പരിശോധനകൾ നൂറുശതമാനം നടന്നിട്ടില്ല. നൂറുശതമാനം കൃത്യമാക്കാത്ത ഡേറ്റാ ബേസ് ആസ്പദമാക്കി നികുതി വീണ്ടും പരിഷ്കരിക്കേണ്ട സാഹചര്യം വസ്തുനികുതി നിർണയത്തിലെ അപാകത്തിന് ഇടയാക്കുന്നതാണ് .

5)സേവന ഉപനികുതി സാധ്യതകൾ തനത് വരുമാന വർദ്ധനവിനായി പരിഗണിക്കാവുന്നതാണ്:

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 എന്നിവയിലാണ് സേവന ഉപനികുതിയെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. ഒരു പഞ്ചായത്ത് പ്രദേശത്തെ സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രെനേജ് എന്നിവയ്ക്കുള്ള സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ വസ്തുനികുതിയിൻമേൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. എന്നാൽ ഒറ്റൂർ ഗ്രാമപഞ്ചായത്തിൽ നിലവിൽ സേവന ഉപനികുതി ഈടാക്കുന്നില്ല. സേവനങ്ങൾ ലഭ്യമാക്കാത്ത കെട്ടിടങ്ങളെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. ചട്ടം 27 പ്രകാരം വസ്തു നികുതിയിന്മേൽ താഴെ പറയുന്ന നിരക്കുകളിൽ കുറയാതെ സേവന ഉപനികുതി ഈടാക്കാവുന്നതാണ്.

ക്രമനം	സേവനം	വസ്തുനികുതിയിൻമേൽ ചുമത്താവുന്ന പരമാവധി സേവന ഉപനികുതി
1	ശുചിത്വ പരിപാലനം	4%
2	ജല വിതരണം	3%
3	തെരുവു വിളക്കുകൾ	2%
4	ഡ്രെനേജ്	1%

വസ്തു നികുതി നിർണ്ണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നീ നടപടിക്രമങ്ങൾ ആവശ്യമായ ഭേദഗതികളോടെ സേവന ഉപനികുതിയുടെ നിർണ്ണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നിവയ്ക്കും ബാധകമാണെന്ന് ചട്ടം 28 ൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് രണ്ട് അർദ്ധ വർഷ ഗഡുക്കളായി വസ്തു നികുതിയോടൊപ്പം പിരിക്കാവുന്നതാണ്. സേവനം നൽകുന്ന മേഖലയിൽ ഗ്രാമപഞ്ചായത്തിന് നിശ്ചിത നിരക്കിനേക്കാൾ കുറയാതെയുള്ള നിരക്ക് ഓരോ ഇനത്തിനും നിശ്ചയിക്കാവുന്നതാണ്. സേവനം നൽകുന്ന മേഖലയിൽ ഗ്രാമപഞ്ചായത്തിന്, മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള നിരക്കിനേക്കാൾ കുറയാതെയുള്ള നിരക്ക് ഓരോ ഇനത്തിനും നിശ്ചയിക്കാവുന്നതാണ്.

ഓഡിറ്റിന്റെ ശുപാർശകൾ

1)തനതുവരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്ഥിരം സമിതിയിൽ ഒരു അജണ്ടയായി ഉൾപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്.

2) നികുതി/നികുതി ഇതര വരവുകളുടെ അവലോകനം എല്ലാ ധനകാര്യ സ്ഥിരം സമിതി യോഗങ്ങളിലും അവതരിപ്പിക്കുന്നത് പരിഗണിക്കാവുന്നതാണ്.

3)അനധികൃത നിർമ്മാണം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ഒരു ഉപസമിതിയെ നിശ്ചയിച്ച് സ്ഥിരമായ റിപ്പോർട്ടിംഗ് ആവശ്യപ്പെടാവുന്നതാണ്.

4) പഞ്ചായത്ത് പരിധിയിലുള്ള പ്രൊഫഷണലുകളുടെ പട്ടിക തയ്യാറാക്കി തൊഴിൽ നികുതി കൃത്യമായി ഡിമാൻഡ് ചെയ്യേണ്ടതാണ്.

5)തൊഴിൽ നികുതി ഡിമാൻഡും പിരിവും സോഫ്റ്റ്വെയർ അധിഷ്ഠിതമാക്കുന്നതിന് IKMനോട് ആവശ്യപ്പെടാവുന്നതാണ്.

6)വസ്തുനികുതി നിർണ്ണയത്തിന്റെയും പരിഷ്കരണത്തിന്റെയും ഡേറ്റാപ്യൂരിഫിക്കേഷൻ ഫീൽഡ് തല റിപ്പോർട്ടിനൊപ്പം നടത്തേണ്ടതാണ്

7) ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്താവുന്നതാണ്.

8) സാങ്കേതികമായ പ്രശ്നങ്ങൾ IKM ന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

9) സർക്കാർ നിർദ്ദേശപ്രകാരമുള്ള ഉപയോഗക്രമങ്ങൾക്ക് സമയബന്ധിതമായി നിരക്ക് നിശ്ചയിച്ച് വസ്തുനികുതി പരിഷ്ക്കരണം സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതാണ്.

10) സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

1-14 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ 2022-2023 വർഷത്തെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)വാണിജ്യാവശ്യത്തിനുള്ള മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ചിട്ടില്ല

സഞ്ചയ സോഫ്റ്റ്വെയറിൽ ലഭ്യമായ വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ എണ്ണവും 2022-23 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ വലിയ വ്യത്യാസം കാണുന്നു. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം വാണിജ്യ ആവശ്യത്തിനുള്ള 1,099 കെട്ടിടങ്ങൾ ഉണ്ട്. വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

ലൈസൻസ് രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷം 252 സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

ക്രമ നം.	കെട്ടിടത്തിന്റെ ഉപയോഗക്രമം	കെട്ടിടങ്ങളുടെ എണ്ണം
1	100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ	988
2	100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ	69
3	200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സുപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ	3
4	200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സുപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ	28
5	ബാങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ	5
6	അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ	6
7	ഇതര വ്യവസായ ആവശ്യങ്ങൾക്കുള്ളവ	56

ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടാത്ത മുഴുവൻ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ലിസ്റ്റ് കാലികമായി സൂക്ഷിക്കുന്നതാണെന്നും ലൈസൻസ് നൽകുവാൻ വിട്ടുപോയ മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

2)കല്യാണമണ്ഡപങ്ങൾ, ഹാളുകൾ, സ്വകാര്യ ആഡിറ്റോറിയങ്ങൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

കല്യാണമണ്ഡപങ്ങൾ, ഹാളുകൾ, സ്വകാര്യ ആഡിറ്റോറിയങ്ങൾ എന്നിവയിൽ നിന്നും 2022-2023 സാമ്പത്തിക വർഷം ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. 1996-ലെ കേരള പഞ്ചായത്ത്രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)

ചട്ടങ്ങളിലെ ചട്ടം 3, പട്ടിക-I, ക്രമ നമ്പർ 33 പ്രകാരം ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്ന കല്യാണമണ്ഡപങ്ങൾക്ക് ലൈസൻസ് അനിവാര്യമാണ്. ലൈസൻസില്ലാതെയുള്ള പ്രവർത്തനം തനതുവരുമാന നഷ്ടത്തിനു കാരണമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Sl.No	Building ID	Door No	Owner Name	Owner Address
1	50229010002550	4/620/	Razna Badarudeen	MRA 135A Mehfil
2	50229010002551	4/621/	Razna Badarudeen	MRA 135A Mehfil
3	50229010002552	4/622/	Razna Badarudeen	MRA 135A Mehfil
4	50229010001282	11/195/A	Vishnu,Vighnesh	S.D.S Auditorium
5	50229010001281	11/196/A	Vishnu,Vighnesh	Yojana
6	50229010001268	11/202/	Vishnu,Vighnesh	Sreevishnu,Sreevishnu

പ്രസ്തുത വിഷയം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

3)ട്രേഡേഴ്സ് ലിസ്റ്റിലെ മുഴുവൻ സ്ഥാപനങ്ങൾക്കും തൻവർഷം ലൈസൻസ് അനുവദിച്ചിട്ടില്ല

ട്രേഡേഴ്സ് ലിസ്റ്റ്പ്രകാരം 389 സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ 252 സ്ഥാപനങ്ങൾക്കു മാത്രമാണ് ലൈസൻസുകൾ അനുവദിച്ചു നൽകിയിട്ടുള്ളത്. പഞ്ചായത്തിലെ 2, 8, 10 വാർഡുകളിലെ ട്രേഡേഴ്സ് ലിസ്റ്റ് പരിശോധിച്ചതിൽ ചുവടെ പറയുന്ന വ്യക്തികളുടെ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ല

ക്രമ നമ്പർ	വാർഡ്	ഉടമയുടെ പേര്	വ്യാപാര സ്ഥാപനം
1	2	**ഷാൻ.എ.എം**	ബേക്കറി&സ്റ്റേഷനറി
2	2	**R.K വിനോദ് കുമാർ**	ഇലക്ട്രോണിക്സ് കട
3	2	**രഞ്ജീവ്**	പെയിന്റ് കട
4	2	**സുനിൽ.എസ്**	തുണിക്കട
5	8	**സുനിൽ.ബി**	നിത്യോപയോഗ സാധനങ്ങൾ
6	8	**ബീനാകുമാരി.ആർ**	ചിക്കൻ സ്റ്റാൾ
7	10	**ദൃശ്യ. എം.എസ്**	പലചരക്ക് കട
8	10	**അംബികാമണി, എൽ**	പലചരക്ക് കട
9	10	**ബി.ശ്രീകുമാർ**	പലചരക്ക് കട
10	10	**പ്രേംകുമാർ**	പലചരക്ക് കട
11	10	**വി.എസ്.അനിൽകുമാർ**	വളം വിൽപ്പന

മേൽ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ലൈസൻസ് നൽകാത്ത സ്ഥാപങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.

വരുമാന സ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. (അവലംബം ഓഡിറ്റ് എൻകൗയറി നം.01/11.09.2023).

1-15 പൊതുകുളങ്ങൾ ലേലം ചെയ്യുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്

ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലുള്ള പൊതുകുളങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. പ്രസ്തുത കുളങ്ങൾ മൽസ്യകൃഷിക്കായി ലേലം ചെയ്തു കൊടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിരുന്നു.

1. കളിവിളാകം കുളം
2. കുളങ്ങര കുളം
3. കോലൂർ കുളം
4. പൊട്ടക്കുളം
5. ചിറവിളാകം കുളം
6. കാട്ടുചിറ കുളം
7. ചെറുവള്ളി കുളം
8. ഊറ്റുകുഴി കുളം
9. കണ്ണേറ്റൻ കുളം
10. മുളയ്ക്കാട്ടുകോണം കുളം
11. മാത്തുവിളാകം കുളം

12. മാവേലിക്കോണം കുളം
13. കുന്നുംപുറത്തു കുളം
14. പൊങ്ങര കുളം
15. ചിറയിൽ ഊറ്റുകുഴി കുളം
16. മധുരക്കോട് കുളം
17. പുതുകുളങ്ങര കുളം
18. വലിയവീട് കുളം
19. വേലന്റെവക കുളം
20. ഞായലി കുളം
21. ആയലി കുളം
22. അറ്ററംകോണം കൊപ്പക്കുളം
23. ശ്രീനാരായണപുരം കുളം
24. നമ്പിയാർ കുളം
25. നമ്പിയാർ മംഗലം കുളം
26. മടത്തുവിളാകം കുളം

ഓഡിറ്റ് എൻകൗയറി നം 40/18.09.2023 നു മറുപടിയായി ക്രമനമ്പർ 19 വേലന്റെ പൊയ്ക്കുളം, ക്രമനമ്പർ 15 ചിറയിൽക്കുളം എന്നിവ മീൻ വളർത്തലിനായി അനുവദിച്ചു നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മൽസ്യകൃഷിക്ക് അനുയോജ്യമായ കുളങ്ങൾ ലേലം ചെയ്ത് തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

1-16 ബയോ കമ്പോസ്റ്റ് ബിൻ വിതരണം- ബിൽ തുകയിൽ നിന്നും ജി.എസ്.ടി .ടി.ഡി.എസ് കുറവ് ചെയ്തില്ല

പ്രോജക്ട് നമ്പർ	S0180/23
പ്രോജക്ടിന്റെ പേര്	**വീടുകളിൽ ബയോ കമ്പോസ്റ്റ് ബിൻ വിതരണം**
അടങ്കൽ	395200/- (ധനകാര്യ കമ്മീഷൻ അവാർഡ്)
ചെലവ്	348840/-
വൗച്ചർ നമ്പർ (PFMS സ്റ്റേറ്റ്മെന്റ് പ്രകാരം)	XVFC/2022-23/P/47 Dtd 29.03.2023 തുക 77,520/- XVFC/2022-23/P/48 Dtd 30.03.2023 തുക 271,320/-
നിർവ്വഹണം	**വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ**

വീടുകളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി പരിപാലിക്കുന്നതിനും അതിലൂടെ മാലിന്യ നിർമാർജനം, സമ്പൂർണ്ണ ശുചിത്വം എന്നിവ ലക്ഷ്യമിട്ടുകൊണ്ട് ബയോ കമ്പോസ്റ്റ് ബിൻ വിതരണം ചെയ്യുന്നതിനായി രൂപീകരിച്ച പ്രോജക്ടാണിത്. ഒരു ബയോകമ്പോസ്റ്റ് ബിന്നിന്റെ വില 1900/- രൂപ (ഗ്രാന്റ് - 1710/-, ഗുണഭോക്തൃ വിഹിതം - 190/-) നിരക്കിൽ 204 എണ്ണം ഐ.ആർ.റ്റി.സി.പി.ഐ.യു വിൽ നിന്നും 387600/- രൂപയ്ക്ക് വാങ്ങുകയും 348840/- രൂപ തൻവർഷവും അവശേഷിച്ച തുകയായ 38760/- രൂപ 2023 -24 സാമ്പത്തിക വർഷവും പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടുമുണ്ട് . 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി, സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കേണ്ടതുണ്ട്. എന്നാൽ IRTC Project Implementation Unit ന് തുക തുക അനുവദിച്ചപ്പോൾ ജി.എസ്.ടി .ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല.

അപാകം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 35/16.09.2023) മറുപടിയായി മാർച്ച് മാസത്തെ തിരക്കിനിടയിൽ സംഭവിച്ചതാണെന്നും 2023- 24 സാമ്പത്തിക വർഷവും മേൽ പ്രോജക്ടിനായി തുക വകയിരുത്തിയിട്ടുണ്ടെന്നും ആയതിൻ പ്രകാരം തുക IRTC Project Implementation Unit - ന് അനുവദിക്കുമ്പോൾ 2022-23 , 2023- 24 വർഷങ്ങളിലെ ജി.എസ്.ടി .ടി.ഡി.എസ് കുറവ് ചെയ്യുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബിൽ തുകയിൽ നിന്നും ജി.എസ്.ടി .ടി.ഡി.എസ് കുറവ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും വിവരം രേഖകൾ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

1-17 ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ വാങ്ങൽ - മരുന്നുകൾ പൂർണമായും ലഭ്യമായില്ല.

പദ്ധതിയുടെ പേര്	ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ,ഹോമിയോ
പ്രോജക്ട് നമ്പർ	S0011/23
അടങ്കൽ	5,00,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം)
ചെലവ്	5,00,000/-
ബിൽ നം	37/18-08-2022

2022-23 സാമ്പത്തിക വർഷത്തിൽ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിന് ബിൽ നം - 37/18-08-2022പ്രകാരം ഹോംകോയ്ക്ക് 5,00,000 രൂപ നൽകിയതിൽ 350,074 രൂപയുടെ മരുന്ന് മാത്രമാണ് നാളിതുവരെ ലഭ്യമായിട്ടുള്ളത് (1,96,762 രൂപ - ഇൻവോയിസ് നം. LF-2309, 1,53,312രൂപ - ഇൻവോയിസ് നം LF-243). അവശേഷിക്കുന്ന 1,49,926 രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (09/12.09.2023) ലഭ്യമാക്കിയ മറുപടിയിൽ അവശ്യ മരുന്നുകൾ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മരുന്നുകൾ പൂർണമായും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് അറിയിക്കേണ്ടതാണ്.

1-18 PHC യ്ക്ക് മരുന്നുകൾ വാങ്ങൽ - മരുന്നുകൾ പൂർണമായും ലഭ്യമായില്ല.

A) PHC യ്ക്ക് മരുന്ന് വാങ്ങൽ

പദ്ധതിയുടെ പേര്	PHC യ്ക്ക് മരുന്ന് വാങ്ങൽ
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, PHC
പ്രോജക്ട് നമ്പർ	S0018/23
അടങ്കൽ	10,00,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം)
ചെലവ്	10,00,000/-
ബിൽ നം	22/07-07-2022-400000/- 90/13-10-2022-410000/- 25/15.7.22-14802/- 19/27.6.22-14503/- 52/27.8.22-14430/- 66/19.9.22-14969/- 67/19.9.22-14553/- 104/26.10.22-14920/- 252/23.1.23-14900/- 394/13.3.23-6923/- 211/27.12.22-80000/-

2022-23 സാമ്പത്തിക വർഷത്തിൽ PHCയ്ക്ക് മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് ബിൽ നം - 22/07-07-2022പ്രകാരം 4,00,000 രൂപ നൽകിയതിൽ 3,91,120 രൂപയുടെ മരുന്നുകളും ബിൽ നം 90/13-10-2022 പ്രകാരം 4,10,000 രൂപ നൽകിയതിൽ 3,82,537 രൂപയുടെ മരുന്നുകളുമാണ് ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന 36,343 രൂപയുടെ (8,800+27,463) മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (26/14.09.2023) ലഭ്യമാക്കിയ മറുപടിയിൽ അവശ്യ മരുന്നുകൾ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

B) പാലിയേറ്റിവ് കെയർ സ്നേഹതീരം - മരുന്ന് വാങ്ങൽ

പദ്ധതിയുടെ പേര്	പാലിയേറ്റിവ് കെയർ സ്നേഹതീരം
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, PHC
പ്രോജക്ട് നമ്പർ	S0036/23
അടങ്കൽ	6,50,000/-

	പൊതു വിഭാഗം - 3,00,000, ബ്ലോക്ക് പഞ്ചായത്ത് - 2,00,000, മെയിന്റനൻസ് ഫണ്ട് റോഡിതരം - 1,50,000
ചെലവ്	6,31,609
ബിൽ നം	22010752062500797313-200000/- 195/15.12.22-2500 18/27.6.22-6422 14/18.6.22-35130 3/23.5.22-35860 486/27.3.23-149999 33/12.8.22-18390 26/15.7.22-35130 59/1.9.22-18390 89/10.10.22-19590 116/5.11.22-18390 130/16.11.22-1380 167/5.12.22-20090 403/15.3.23-18390 328/16.2.23-5040 281/2.2.23-18390 236/6.1.23-18390 212/27.12.22-1100 196/15.12.22-2400 407/15.3.23-3500 437/20.3.23-3128

"പാലിയേറ്റിവ് കെയർ സ്നേഹതീരം" പദ്ധതിയുമായി ബന്ധപ്പെട്ട് 2022-23 സാമ്പത്തിക വർഷത്തിൽ മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് ബിൽ റഫറൻസ് നം 22010752062500797313 പ്രകാരം 2,00,000 രൂപ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) നൽകിയതിൽ 1,48,361 രൂപയുടെ മരുന്നുകളും ബിൽ റഫറൻസ് നം 22010752062501493008 പ്രകാരം 1,49,999 രൂപ നൽകിയതിൽ 53,701 രൂപയുടെ മരുന്നുകളുമാണ് ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന 1,47,937 രൂപയുടെ (51,639 +96,298) മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (44/18.09.2023) ലഭ്യമാക്കിയ മറുപടിയിൽ അവശ്യ മരുന്നുകൾ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

അവശ്യ സേവനമായ മരുന്നുകളുടെ ലഭ്യത നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതും സാധാരണക്കാർക്ക് യഥാസമയം മരുന്നുകളുടെ ലഭ്യത ഉറപ്പാക്കേണ്ടതുമാണ്.മരുന്നുകൾ പൂർണമായും ലഭ്യമാക്കിയതിനു ശേഷം വിവരം അറിയിക്കേണ്ടതാണ്.

1-19 ദുരിതാശ്വാസനിധി

2003-ലെ കേരളപഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന പഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾക്ക് അടിയന്തര സഹായം നൽകുന്നതിനായി പഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്നും വേറിട്ടു സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകുന്നതിന് വ്യവസ്ഥ ചെയ്യുന്നു. കലാ കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവരടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.ഇപ്രകാരം ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും അക്കൌണ്ടിൽ തുക അവശേഷിക്കുന്നില്ല. 2022-23 വർഷം വരവും ചെലവും ഇല്ല. (ഓഡിറ്റ് അന്വേഷണം നം -25 തീയതി 14.09.23.)

കലാ കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്.

1-20 പെണ്ണടയാളങ്ങൾ -പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്.

പദ്ധതി നമ്പർ, പേര്	S0 84/23 , പെണ്ണടയാളങ്ങൾ
അടങ്കൽ തുക	24300/-(വികസന ഫണ്ട്)

ചെലവ് തുക	12818/-
ബിൽ നം തീയതി	221/29.12.22, 1450/- 225/29.12.22 360/- 446/21.3.23, 10558/- 476/24.3.23, 450/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഐ.സി.ഡി.എസ് സൂപ്പർവൈസർ

പഞ്ചായത്തിലുള്ള സ്ത്രീകളുടെ നിലവിലെ അവസ്ഥ വിവരശേഖരണത്തിലൂടെ മനസ്സിലാക്കുകയും ഒരു ഡേറ്റാശേഖരണം പഞ്ചായത്തിൽ ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന ഡേറ്റാശേഖരണം പൂർത്തിയാക്കി ഡേറ്റാകളക്ക് ചെയ്തതിന്റേയും പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരവും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകൃയറിക്ക് (നം 41/ 18.9.23) ഡേറ്റാശേഖരണം നടത്തി ഡേറ്റകൾ ജില്ലാപഞ്ചായത്തിൽ കൈമാറിയിട്ടുണ്ടെന്നും പദ്ധതിയുടെ തുടർ നടപടി പ്രവർത്തനങ്ങൾക്കായി 23-24 വർഷം സ്പിൽഓവറായി പദ്ധതി രൂപീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു.

നിലവിൽ പദ്ധതി ലക്ഷ്യം സംബന്ധിച്ച് വ്യക്തമായ തീരുമാനം രൂപീകരിച്ചതായി കാണുന്നില്ല. പദ്ധതികൾ രൂപീകരിക്കുന്ന വേളയിൽ തന്നെ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ വ്യക്തത ഉണ്ടാകേണ്ടതും പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ഫല പ്രാപ്തി കൈവരിച്ചോയെന്നും കൃത്യമായി വിലയിരുത്തേണ്ടതുമാണ്. പദ്ധതികൾ രൂപീകരിക്കുമ്പോൾ ഇത്തരം വിലയിരുത്തലുകൾ നടത്തി തുടർ പ്രവർത്തനങ്ങളിൽ വ്യക്തമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതാണ്.

പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ, പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-21 കന്നുകുട്ടി പരിപാലന പദ്ധതി - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ	S0129/23
പ്രോജക്ടിന്റെ പേര്	**കന്നുകുട്ടി പരിപാലന പദ്ധതി ജനറൽ വനിത**
അടങ്കൽ	5,00,000 (വി.ഫ.ജ) 5,00,000 (മറ്റുള്ളവ)
ചെലവ്	5,00,000 (വി.ഫ.ജ)
ബിൽ നമ്പർ	337 തീയതി 19/02/2023
നിർവ്വഹണം	**വെറ്ററിനറി സർജൻ**

മേൽ പദ്ധതിയ്ക്കായി 5,00,000/- രൂപ ഡെപ്യൂട്ടി ഡയറക്ടർ, എസ്.എൽ.ബി.പി തിരുവനന്തപുരത്തിന് കൈ മാറിയിട്ടുണ്ട്. പദ്ധതിയുടെ ധന വിനിയോഗ സാക്ഷ്യപത്രത്തിനായി എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് കത്ത് നൽകിയിട്ടുള്ളതായും ആയത് ലഭ്യമാകുന്ന മുറയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (23/14.09.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയുടെ അവസാന നാല് വർഷങ്ങളിൽ (2018-19 മുതൽ 2021-22 വരെ) എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയ തുക, വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിന്റെ വിവരം, ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുക എന്നിവയുടെ വിശദാംശം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻവർഷങ്ങളിലെ ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും, ചെലവഴിക്കാതെ തുക അവശേഷിക്കുന്നുണ്ടെങ്കിൽ തുക തിരികെ ഈടാക്കി വിവരം രേഖകൾ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

1-22 കിടാരി വളർത്തൽ (വനിത) പദ്ധതി അപാകങ്ങൾ

പ്രോജക്ട് നമ്പർ	S0128/22	S0132/2023
പ്രോജക്ടിന്റെ പേര്	**കിടാരി വളർത്തൽ വനിത ജനറൽ**	**കിടാരി വളർത്തൽ എസ് സി പി വനിത**

അടങ്കൽ	400000/- (വികസന ഫണ്ട്-ജനറൽ -2,00,000/- +ഗുണഭോക്തൃ വിഹിതം-2,00,000/-)	3,36,000/- (വികസന ഫണ്ട്-എസ് സി പി-2,52,000/- +ഗുണഭോക്തൃ വിഹിതം-84,000/-)
ചെലവ്	296000/- (വികസന ഫണ്ട്-ജനറൽ -1,92,000/- +ഗുണഭോക്തൃ വിഹിതം-1,04,000/-	2,92,000/- (വികസന ഫണ്ട്-എസ് സി പി-2,52,000/- രൂപ +ഗുണഭോക്തൃ വിഹിതം-40,000/- രൂപ)
ബിൽ നമ്പർ (എ.സി.ആർ പ്രകാരം)	163/01-12-2022, തുക 40,000/- 180/08-12-2022, തുക 48,000/- 207/24-12-2022, തുക 48,000/- 512/28-3-2023, തുക 56,000/-ചെക്കുനമ്പർ 646927/29.03.2023 തുക 104000/-	164/01-12-2022, തുക 60,000/- 181/08-12-2022, തുക 72,000/- 208/24-12-2022, തുക 60,000/- 470/23-3-2023, തുക 60,000/- ചെക്കുനമ്പർ 646927/29.03.2023 തുക 40000/-
നിർവ്വഹണം	**വെറ്ററിനറി സർജൻ**	

8-12 മാസം പ്രായമുള്ള കിടാരിയെ പൊതുമാർക്കറ്റ്/ ചന്ത/ വ്യക്തികളിൽ നിന്നും പർച്ചേസ് കമ്മിറ്റിയുടെ നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് വാങ്ങി മൂന്ന് വർഷത്തേയ്ക്ക് ക്രയ വിക്രയം ചെയ്യില്ലായെന്ന് കരാർ വച്ച് ഇൻഷ്വർ ചെയ്തതിന് ശേഷം തുക കിടാരിയെ വാങ്ങിയ വ്യക്തിക്ക് അനുവദിക്കുന്നതായി രൂപീകരിച്ച പ്രോജക്ട് . കിടാരിയുടെ വില 16000/-

ജനറൽ വിഭാഗം- സബ്സിഡി 8000/-, ഗുണഭോക്തൃ വിഹിതം - 8000/-

പട്ടിക ജാതി വിഭാഗം- സബ്സിഡി 12000/-, ഗുണഭോക്തൃ വിഹിതം - 4000/-

പ്രോജക്ട് പരിശോധനയിൽ ശ്രദ്ധയിൽ പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) പ്രോജക്ട് നമ്പർ - S0128/22കിടാരി വളർത്തൽ (ജനറൽ)

മേൽ പദ്ധതിയിൽ ഉൾപ്പെട്ട 24 ഗുണഭോക്താക്കളിൽ നിന്ന് 192000/- രൂപ ഗുണഭോക്തൃ വിഹിതം ഈടാക്കി ചുവടെ ചേർക്കുന്ന രസീതുകൾ പ്രകാരം പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.

രസീത് നമ്പർ /തീയതി	തുക
1220101828/02.11.2022	56000
1220102203/03.12.2022	56000
1220102490/05.01.2023	32000
1220102724/25.01.2023	32000
1220103105/04.02.2023	8000
1220103535/24.03.2023	8000

ആകെ	192000

ആയതിൽ 10,4000/- രൂപ മാത്രമാണ് കിടാരിയെ വിതരണം ചെയ്ത ശ്രീ. സോണി ബാബുവിന് ചെക്ക് നമ്പർ 646927 തീയതി 29.03.2023 പ്രകാരം നൽകിയിട്ടുള്ളത്. അവശേഷിക്കുന്ന ഗുണഭോക്തൃ വിഹിതമായ 88,000/- രൂപ പ്രസ്തുത വ്യക്തിക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ബി) പ്രോജക്ട് നമ്പർ -S0132/2023 കിടാരി വളർത്തൽ

മേൽ പദ്ധതിയിൽ ഉൾപ്പെട്ട 21 ഗുണഭോക്താക്കളിൽ നിന്ന് 84,000/- രൂപ ഗുണഭോക്തൃ വിഹിതം ഈടാക്കി ചുവടെ ചേർക്കുന്ന രസീതുകൾ പ്രകാരം പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.

രസീത് നമ്പർ /തീയതി	തുക
1220101827/02.11.2022	12000
1220102202/03.12.2022	44000
1220102489/05.01.2023	8000
1220102725/25.01.2023	8000
1220103536/24.03.2023	12000
ആകെ	84000

ആയതിൽ 40,000/- രൂപ മാത്രമാണ് കിടാരിയെ വിതരണം ചെയ്ത ശ്രീ. സോണി ബാബുവിന് ചെക്ക് നമ്പർ 646927 തീയതി 29.03.2023 പ്രകാരം നൽകിയിട്ടുള്ളത്. അവശേഷിക്കുന്ന ഗുണഭോക്തൃ വിഹിതമായ 44,000/- രൂപ പ്രസ്തുത വ്യക്തിക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

പൊതു അപാകം

പദ്ധതി പ്രകാരം ലഭിക്കുന്ന കിടാരിയെ മൂന്ന് വർഷത്തേയ്ക്ക് ക്രയ വിക്രയം ചെയ്യില്ലായെന്ന് ഉറപ്പാക്കിക്കൊണ്ട് ഗുണഭോക്താവുമായി ചമച്ച കരാർ ഫയലിൽ ഉൾപ്പെട്ടിട്ടില്ല.

പദ്ധതി നിബന്ധനകൾ പാലിച്ച് നിർവഹിക്കേണ്ടതും, ലഭിക്കുന്ന ഗുണഭോക്തൃ വിഹിതം യഥാസമയം ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്. ശ്രീ. സോണി ബാബുവിന് അനുവദിക്കേണ്ട ഗുണഭോക്തൃവിഹിതമായ 132000/- രൂപ (88000 + 44000) നൽകി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(അവലംബം - ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 20/13.09.2023 ന്റെ മറുപടി)

1-23 പാഥേയം പദ്ധതി -അപാകതകൾ

പദ്ധതി നമ്പർ, പേര്	S0 141/23 , പാഥേയം
അടങ്കൽ തുക	349440/-
ചെലവ് തുക	139776 വികസന ഫണ്ട് (എസ് സി പി)
ബിൽ നം തീയതി	316/10.2.23
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി

ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ നിരാലംബരും അഗതികളുമായ എസ് സി വിഭാഗക്കാരായ 24 പേർക്ക് കുടുംബശ്രീയുടെ സഹായത്തോടെ വീടുകളിൽ ഉച്ച ഭക്ഷണം എത്തിച്ചു നല്കുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. ഒരാൾക്ക് 40/- രൂപ നിരക്കിൽ (ഗ്രാമ പഞ്ചായത്ത് വിഹിതം 40% നിരക്കിൽ 16 രൂപയും , ജില്ലാ പഞ്ചായത്ത് വിഹിതം 60% നിരക്കിൽ 24 രൂപയും) 364 ദിവസത്തേക്കാണ് തുക വകയിരുത്തിയിട്ടുള്ളത്.പദ്ധതിയുടെ ഗുണഭോകത്യതിസ്റ്റിൽ 22 പേരാണ് ഉൾപ്പെട്ടിട്ടുള്ളത്. 22 പേർക്ക് 16 രൂപ നിരക്കിൽ 364 ദിവസത്തേക്ക് 128128/- രൂപയാണ് പദ്ധതിയുടെ നടത്തിപ്പിനായി ജില്ലാപഞ്ചായത്തിലേക്ക് കൈമാറേണ്ടത്. എന്നാൽ മേൽ ബിൽ പ്രകാരം 139776 രൂപ ജില്ലാപഞ്ചായത്തിലേക്ക് കൈമാറിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് പ്രസ്തുത തുക കുടുംബശ്രീ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും 139776/- രൂപ പദ്ധതിയ്ക്കായി ചെലവ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കായി 128128/- രൂപ ചെലവഴിക്കേണ്ട സാഹചര്യത്തിൽ (139776–128128) 11648/- രൂപ

അധികം ചെലവഴിക്കാനുണ്ടായ സാഹചര്യം വിശദമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകവയറിക്ക് (43, 18.9.23) സന്തോഷി, കല്ലുമല വീട്, ശാരദ, ചരുവിള വീട് എന്നീ ഗുണഭോക്താക്കളെ ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെടുത്താൻ വിട്ടുപോയതാണെന്നും പഞ്ചായത്ത് ഭരണസമിതിയുടെ വാക്കാലുള്ള നിർദ്ദേശമനുസരിച്ച് അവർക്കു കൂടി ഭക്ഷണ വിതരണം നടത്തിയിട്ടുണ്ടെന്നും അടുത്ത ഗ്രാമസഭയിൽ വച്ച് പ്രസ്തുത ഗുണഭോക്താക്കളുടെ പേര് കൂടി ഉൾപ്പെടുത്തി അംഗീകരിച്ച് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നും ഭാവിയിൽ ഇത്തരം അപാകത ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചു.

ഗുണഭോക്താക്കളെ ഗ്രാമസഭയിൽ അംഗീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതും ഭാവിയിൽ അപാകത ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതുമാണ്.

1-24 ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങുന്നതിന് അധികതുക ചെലവാക്കി

പദ്ധതിയുടെ പേര്	ഹരിതകർമ്മസേനയ്ക്ക് വാഹനം
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ	149/23
അടങ്കൽ	500000/- (കേന്ദ്രാവിഷ്കൃത ഫണ്ട്-380000,ധനകാര്യകമ്മീഷൻ അവാർഡ്-120000)
ചെലവ്	494355/- (കേന്ദ്രാവിഷ്കൃത ഫണ്ട്-374355,ധനകാര്യകമ്മീഷൻ അവാർഡ്-120000)
ബിൽ നം	374355/-222000794/24.3.23 120000/-472/24.3.23

ഹരിത കർമസേനയ്ക്ക് ഇലക്ട്രിക് വാഹനം വാങ്ങുന്നതിലേക്കായി ജെം പോർട്ടലിൽ ബിഡ് ക്ഷണിക്കുകയും ഒണീറോ ഡിജിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും അക്സസറീസ്, ഇൻഷുറൻസ് ഉൾപ്പെടെ ആകെ 4,94,355/- രൂപക്ക് വാഹനം വാങ്ങുകയും ചെയ്തു.

ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്ററുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള 14/07/2021 ലെ 123/DSM/TVPM/2021 നമ്പർ കത്തിൽ ഇലക്ട്രിക് വാഹനത്തിന്റെ ആകെ തുക 4,50,000/- രൂപയിൽ പരിമിതപ്പെടുത്തണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വീടുകളുടേയും സ്ഥാപനങ്ങളുടേയും എണ്ണം കൂടി വരുന്ന സാഹചര്യത്തിൽ 500 കിലോയ്ക്ക് മുകളിൽ ലോഡിംഗ് കപ്പാസിറ്റിയുള്ള വാഹനം ആവശ്യമായതിനാലാണ് 4,50,000/- രൂപയിൽ അധികരിച്ച് വാഹനം വാങ്ങിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. (ഓഡിറ്റ് അന്വേഷണം നം -14തീയതി 13.09.23.)

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി മാത്രം വാങ്ങലുകൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-25 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതി പൂർത്തിയാകുന്നതിൽ കാലതാമസം

പദ്ധതിയുടെ പേര്	പൈപ്പ് ലൈൻ എക്സ്റ്റൻഷൻ
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ	2/23
അടങ്കൽ	1000000/- ധനകാര്യകമ്മീഷൻ അവാർഡ്
ചെലവ്	1000000/-
ബിൽ നം	192/13.12.22

പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷനായി വാട്ടർ അതോറിറ്റി ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം 10,00,000/- രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. 15.12.22ന് വാട്ടർ അതോറിറ്റിയുമായി ഏർപ്പെട്ട കരാർ പ്രകാരം 3 മാസമായിരുന്നു നിർമ്മാണ കാലാവധി.എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കി വാട്ടർ അതോറിറ്റിയിൽ നിന്നും ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.(ഓഡിറ്റ് അന്വേഷണം നം -15 തീയതി 13.09.23.)

വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-26 തെരുവ് വിളക്ക് സ്ഥാപിക്കലും സംരക്ഷണവും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടണം.

പദ്ധതിയുടെ പേര്	തെരുവ് വിളക്ക് സ്ഥാപിക്കലും സംരക്ഷണവും
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ	76/23
അടങ്കൽ	501634/-(ധനകാര്യകമ്മീഷൻ അവാർഡ്-201634,വികസനഫണ്ട്-300000)
ചെലവ്	319200/-(ധനകാര്യകമ്മീഷൻ അവാർഡ്-170237,വികസനഫണ്ട്-148963)
ബിൽ നമ്പർ	99251/-412/16.3.22 49712/-422/16.3.23 81005/-63/12.9.22 89232/-121/9.11.22

(ഓഡിറ്റ് അന്വേഷണം നം -16 തീയതി 13.09.23.)

പഞ്ചായത്തിലേക്കാവശ്യമായ തെരുവുവിളക്കുകൾ വാങ്ങുന്നതിന് ടെണ്ടർ വിളിക്കുകയും KICO Business Corporation എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. എന്നാൽ KICO മായി കൃത്യമായ കരാറിൽ ഏർപ്പെട്ടിട്ടില്ല.ഉപകരണങ്ങളുടെ വാറണ്ടി,ഉപകരണങ്ങൾ ലഭ്യമായ തീയതി എന്നിവ വ്യക്തമല്ല. എൽ ഇ ഡി ബൾബുകൾക്ക് ഒരു വർഷത്തെ വാറണ്ടി ഉള്ളതായി ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അറിയിച്ചിട്ടുണ്ട്.

തെരുവുവിളക്കുകളുടെ മെയിന്റനൻസിനായി എം.മണി, എം.എസ്.ഏജൻസി എന്ന സ്ഥാപനത്തേയും തിരഞ്ഞെടുത്തിട്ടുണ്ട്. വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് എം.എസ്.ഏജൻസിക്ക് തുക നൽകുന്നത്. എന്നാൽ സാക്ഷ്യപത്രങ്ങളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. ചില സാക്ഷ്യപത്രങ്ങളിൽ മെമ്പർമാരുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.(വാർഡ് 8, 10). സാക്ഷ്യപത്രങ്ങൾക്കു പുറമേ പഞ്ചായത്ത് കമ്മിറ്റി വിലയിരുത്തലിന്റെകൂടി അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നതെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അറിയിച്ചിട്ടുണ്ട്.

9.11.12, (89232/-) 16.3.23 (49712/-) തീയതികളിലെ ബില്ലുകൾ പ്രകാരം എം.എസ്.ഏജൻസിക്ക് തുക നൽകിയിട്ടുണ്ട്.വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. 9.11.12ലെ സാക്ഷ്യപത്രത്തിലും 16.3.23ലെ സാക്ഷ്യപത്രത്തിലും ഒരേ പോസ്റ്റ് നമ്പരുകളിൽ ബൾബുകൾ മാറ്റിയിട്ടുണ്ട്.

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

വാർഡ് നം	പോസ്റ്റ് നം
1	148/7, 148/8, 148/9, 123/8/6, 123/7,VT2,VT8
3	5.24.1, 5.23,5.20,
4	63.5.1, 63.9.

ഇങ്ങനെ 4 മാസത്തെ ഇടവേളയിൽ ഒരേ പോസ്റ്റിൽ ബൾബുകൾ മാറ്റിയിട്ടിട്ടുണ്ട് . ഇപ്രകാരം ഒരേ പോസ്റ്റുകളിലെ ബൾബുകൾ ചെറിയ ഇടവേളകളിൽ മാറ്റിയിടുന്നത് പരിശോധിക്കപ്പെടേണ്ടതാണ്. കാലാവസ്ഥാവ്യതിയാനം മൂലം ചില ലൈറ്റുകൾ ചുരുങ്ങിയ കാലയളവിനുള്ളിൽ കേടാകുന്നതായി അറിയിച്ചിട്ടുണ്ട്. എന്നാൽ കേടായ ബൾബുകൾ KICO യിൽ നിന്നും മാറ്റിക്കിട്ടിയിട്ടുണ്ടോ എന്ന വിവരം വ്യക്തമാക്കിയിട്ടില്ല.മോണിറ്ററിംഗ് സമിതി പദ്ധതി നിർവ്വഹണം കൃത്യമായി പരിശോധിക്കുന്നില്ല.

പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015ലെ ജി2-44274/2015ഉത്തരവ് പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ തെരുവ് വിളക്ക് പരിപാലനത്തിനുള്ള പൊതു മാർഗ്ഗരേഖ, തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.09.2011-ലെ 3055/ഡി.എ.3/2011, 29.05.2018ലെ 269/ഡി.എ.3/2018 സർക്കുലറുകളിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-27 പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ - ഉപയോഗ്യശൂന്യമായ കണക്ഷനുകൾ നിർത്തലാക്കണം

പദ്ധതിയുടെ പേര്	പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ	3/23

അടങ്കൽ	702306/- വികസനഫണ്ട്
ചെലവ്	702306/-
ബിൽ നം	40/24.8.22-63668/- 72/26.9.22-63668/- 100/25.10.22-63668/- 148/24.11.22 -63668/- 209/27.12.22-63668/- 268/27.1.23-63668/- 429/17.3.23-160149/- 373/27.2.23-160149/-

2022-23 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതിക്കായി 702306/- രൂപ ചെലവാക്കിയിട്ടുണ്ട്.പ്രതിമാസം 63608/- രൂപ അടവാക്കിയിരുന്ന സ്ഥാനത്ത് ചാർജ്ജ് വർദ്ധനയുടെ ഫലമായി 2023 ഫെബ്രുവരി മാസം മുതൽ160149/- രൂപ അടവാക്കേണ്ടി വരുന്നുണ്ട്. മുൻ വർഷങ്ങളിൽ തിട്ടപ്പെടുത്തിയ 132വാട്ടർ ടാപ്പുകൾക്കാണ് വാട്ടർ അതോറിറ്റിയിൽ നിന്നും ഡിമാന്റ് വരുന്നത്. ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തിയ പൈപ്പുകളിൽ കേടായ പൈപ്പുകൾ, ജല ലഭ്യത ഇല്ലാത്തവ എന്നിവ ഉൾപ്പടുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടുണ്ടോ, പഞ്ചായത്ത് പരിധിയിലെ പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം കണ്ടുപിടിക്കുന്നതിനായി പഞ്ചായത്തും വാട്ടർ അതോറിറ്റിയും സംയുക്തമായി പരിശോധന നടത്തിയിട്ടുണ്ടോ മുതലായ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം -17 തീയതി 13.09.23ന് മറുപടിയായി ഉപയോഗശൂന്യമായ പൊതു ടാപ്പുകൾ നിർത്തലാക്കുന്നതിനായി 2023-24 വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായി പദ്ധതി രൂപീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

വാട്ടർ അതോറിറ്റുമായി ബന്ധപ്പെട്ട് ഉപയോഗ്യശൂന്യമായ കണക്ഷനുകൾ നിർത്തലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

1-28 വാട്ടർ കണക്ഷനുകൾ മാറ്റി സ്ഥാപിക്കൽ -പദ്ധതി പൂർത്തിയായില്ല

പദ്ധതിയുടെ പേര്	ഉപയോഗ്യശൂന്യവും തകരാറുകൾ സംഭവിച്ചതുമായി വാട്ടർ കണക്ഷനുകൾ മാറ്റി സ്ഥാപിക്കൽ
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ	155/23
അടങ്കൽ	200000/- ധനകാര്യകമ്മീഷൻ അവാർഡ്
ചെലവ്	200000/-
ബിൽ നം	191/13.12.22

ഉപയോഗ്യശൂന്യവും തകരാറുകൾ സംഭവിച്ചതുമായ വാട്ടർ കണക്ഷനുകൾ മാറ്റി സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റി ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം 200000/- രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.15.12.22ന് വാട്ടർ അതോറിറ്റിയുമായി ഏർപ്പെട്ട കരാർ പ്രകാരം 3 മാസമായിരുന്നു നിർമ്മാണ കാലാവധി.എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കി വാട്ടർ അതോറിറ്റിയിൽ നിന്നും ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നം -18 തീയതി 13.09.23.)

വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 ഇല്ല

.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ഇല്ല

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	മുന്നിരിപ്പ്	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	176661	2022-23	363800	കേദാരം നെൽകൃഷി വികസനം	363800	176661
			200000	പാലിയേറ്റീവ് കെയർ സ്നേഹതീരം	200000	
			41150	ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	41150	
			177375	മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	177375	
			300000	അങ്കണവാടി പോഷകാഹാരം	300000	
			1000000 (നേരിട്ട്)	എട്ടാം വാർഡ് സ്മാർട്ട് അങ്കണവാടി	1000000	
			300000	ക്ഷീരസമൃദ്ധി	300000	
ആകെ	176661	-	2382325		2382325	176661
ജില്ലാ പഞ്ചായത്ത്	55365	2022-23	177375	മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	177375	55365
			70000	ഹരിതഭവനം	70000	
ആകെ	55365		247375		247375	55365

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

Sl. No.	നിർവഹണ ഏജൻസി	മുന്നിരിപ്പ്	2022-23 വർഷത്തെ പ്രവൃത്തിയുടെ പേര്	2022-23 വർഷം മുൻകൂർ നൽകിയതുക	2022-23 വർഷം യു.സി ലഭിച്ചത്/ സ്ഥാപനത്തിലേക്ക് റീഫണ്ട് ചെയ്ത തുക	ബാക്കിയുള്ള തുക
1.	KWA	2000000	1.ഉപയോഗശൂന്യവും തകരാറിലായതുമായ പൈപ്പ് കണക്ഷനുകൾ മാറ്റി സ്ഥാപിക്കൽ	200000	2000000 (21-22 വർഷത്തെ പദ്ധതിയ്ക്ക് 22-23 വർഷം യു.സി ലഭിച്ചു	1200000
			2.പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	1000000		

	ആകെ	2000000		1200000	2000000	1200000
2.	KSEB	527136	-	-	239351	287785
	ആകെ	527136	-	-	239351	287785

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-4 വായ്പ / വായ്പ തിരിച്ചടവ്

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		ബാലൻസ്
				മുതൽ	പലിശ	
HUDCO-LIFE LOAN		21, 40,000	12132127	1348945	-	12923182

4-5 സ്ഥിര നിക്ഷേപങ്ങൾ

FD N0, ബാങ്കിന്റെ പേര്	തുക	ഡെപ്പോസിറ്റ് തീയതി	FD യുടെ കാലാവധി	പലിശ നിരക്ക്	മെച്ച്യൂവരിറ്റി തുക
1410971 കേരള ഗ്രാമീൺ ബാങ്ക്	1000000	29.3.23	28.3.24	6.10	1062110

4-6 ഓഡിറ്റ് റിക്കവറി

ക്രമ നം	റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നം / തീയതി
1	2020-21	1.12.5	1250/-	വിജയൻ, കോൺട്രാക്ടർ	1220101306/26.9.22

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

വിവരം ലഭ്യമല്ല.

4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം (വരവ് ചെലവുകൾ റസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകൾ ഉൾപ്പെടുന്നില്ല).

മുന്നിരിപ്പ്	10510892
ഓഡിറ്റ് വർഷത്തെ വരവ്	45294619
ഓഡിറ്റ് വർഷത്തെ ചെലവ്	26512951
നീക്കിയിരിപ്പ്	29292560
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	ഇല്ല

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക-ഇല്ല

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2007-08	കെ.എസ്.എ.റ്റി.വി.എം/ ജി.പി.9/1815/22 തീയതി, 13.10.2022	1 (3-6)
2008-09	കെ.എസ്.എ.റ്റി.വി.എം/ ജി.പി.9/1815/22 തീയതി, 13.10.2022	4 (3-3, 3-6, 3-7, 3-8)
2009-10 2010-11	കെ.എസ്.എ.റ്റി.വി.എം/ ജി.പി.9/1815/22 തീയതി, 13.10.2022	1 (3-19)
2012-13	കെ.എസ്.എ.റ്റി.വി.എം/ ജി.പി.9/1815/22 തീയതി, 13.10.2022	3 (3-6, 3-8, 3-9)
2013-14	കെ.എസ്.എ.റ്റി.വി.എം/ ജി.പി.9/1815/22 തീയതി, 13.10.2022	4 (3-1(ബി), 3-2(എ), 3-2(ബി), 3-14
2014-15	കെ.എസ്.എ.റ്റി.വി.എം/ ജി.പി.9/1815/22 തീയതി, 13.10.2022	2 (3-1, 3-2)
2016-17	കെ.എസ്.എ.റ്റി.വി.എം/ ജി.പി.9/1815/22 തീയതി, 13.10.2022	15
2017-18	കെ.എസ്.എ.റ്റി.വി.എം/ ജി.പി.7/306/2018, തീയതി 29.04.2019	28
2018-19	കെ.എസ്.എ.റ്റി.വി.എം/ ജി.പി.7/344/2020 തീയതി 18.05.2020	42
2019-20	കെ.എസ്.എ.റ്റി.വി.എം/ ജി.പി.7/693/2021 തീയതി 31.03.2021	40
2020-21	കെ.എസ്.എ.റ്റി.വി.എം/ ജി.പി.7/896/2022 തീയതി	35
2021-22	കെ.എസ്.എ.റ്റി.വി.എം/ ജി.പി.9/2054/2022 തീയതി 13.02.2023	

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തിരുവനന്തപുരം

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 2 dated 13-07-2023 and submitted on 19-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Ottoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Ottoor Grama Panchayat for the year 2022-2023

Date: 16/10/2023 **Deputy Director(H.G)**

Kerala State Audit Department

Audit Report appended to the Audit Certificate of Ottoor Grama Panchayat for the Year 2022-2023.

1.Major Observations

Nil

2.Other Observations

1. All statements prescribed in accounting rules were not included in annual financial statement.

eg. ratios , comments relating to notes.

2. As per the Bank reconciliation statement of District co-operative bank (account no 103812803000011) Rs. 17750/- has been recorded as cheque deposited but not collected. But information on uncashed cheques has not been made available.

3. An advance of Rs 7947 is still pending to recoup, which was recorded in the B-18 Schedule of the balance sheet.

4.The value of stocks and stores were not ascertained and recorded in the balance sheet.

5. No steps were taken to forfeit the expired deposits as income.

6. In cash flow statement, the net cash and cash equivalances is not equal to the sum of operating, investing and financing activities.

7.In the case of accrual based incomes, the demand is not recorded at the source they are generated.

8. The expired cheques in the B-7 schedule of balance sheet were not converted as assets so far.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ഒറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്